നം.കെ.എസ്.എ- കെ.എച്ച്.ആർ. -197/എസ്.2/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.
പ്രത്യേക ഓഡിറ്റ് വിഭാഗം,
തിരുവനന്തപുരം - 695 035
തീയതി. 31.08.2022

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഓഡിറ്റ് വിഭാഗം,**
**തിരുവനന്തപുരം**

**മാനേജിംഗ് ഡയറക്ടർ**
**കെ.എച്ച്.ആർ.ഡബ്ല്യു.എസ്.**
**തിരുവനന്തപുരം**

സർ,

വിഷയം: - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - കെ എച്ച്.ആർ.ഡബ്ല്യു.എസ്. - ന്റെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (1994) വകുപ്പ് - 13, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം - 18 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിക്കുന്ന കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യു.എസ്.) യുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു.

റിപ്പോർട്ടിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദിയായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം അറിയിച്ച് ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾക്കുള്ള പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച മറുപടി ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസങ്ങൾക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് -15(1), ചട്ടം -20, 23 എന്നിവ കാണുക)

വിശ്വസ്തതയോടെ,
(ഒപ്പ്/-)
**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. കാര്യാലയ പകർപ്പ്
5. ഫയൽ

# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ (KHRWS)

### 2015-16 സാമ്പത്തിക വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

Intentionally Left Blank

**വിഷയസൂചിക**


| ഖണ്ഡിക നം | വിവരണം | പേജ് നം |
|---|---|---|
| | **ഭാഗം 1** | |
| 1.1 | വാർഷിക കണക്ക് യഥാസമയം ഹാജരാക്കിയില്ല | 9 |
| 1.2 | കാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും പരിപാലിക്കുന്നില്ല | 9 |
| 1.3.1 | സ്കീം വർക്കുകളുടെ കണക്കുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്ന | 9 |
| 1.3.2 | വാർഷിക കണക്കുകളിലെ അപാകതകൾ | 10 |
| 1.4 | സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല | 13 |
| 1.5 | ജീവനക്കാരുടെ നിയമനം - സ്പെഷ്യൽ റൂൾ പാലിക്കുന്നില്ല | 14 |
| 1.6 | ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നില്ല | 15 |
| 1.7 | ഉപയോഗിക്കാത്ത പഴയ വാഹനം ലേലം ചെയ്ത് നൽകിയിട്ടില്ല | 15 |
| 1.8 | വൗച്ചറുകൾ ശരിയായി സൂക്ഷിക്കുന്നില്ല | 16 |
| 1.9 | പേവാർഡുകൾ അറ്റകുറ്റപണികൾക്ക് ദീർഘകാലം അടച്ചിടുന്നത് വരുമാന നഷ്ടത്തിന് ഇടയാകുന്ന | 17 |
| 1.10 | പേവാർഡുകൾ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കേണ്ടത് അനിവാര്യം | 18 |
| 1.11 | വരവ് തുക യഥാസമയം ബാങ്കിൽ ഒടുക്കുന്നതിൽ വീഴ്ച | 19 |
| 1.12 | സേവനപുസ്തകം അപാകതകൾ | 19 |
| 1.13 | സർവ്വീസ് റൂളിലെ വ്യവസ്ഥയ്ക്കനുസൃതമായി ജീവനക്കാർക്ക് CPF സ്കീം നടപ്പിലാക്കുന്നില്ല | 21 |
| 1.14 | വാഹനങ്ങളിൽ ഇന്ധനം നിറച്ചത് - രേഖകൾ ഹാജരാക്കുന്നില്ല | 22 |
| | **ഭാഗം 2** | |
| 2.1 | ഫോർട്ട് താലൂക്ക് ആശുപത്രി, തിരുവനന്തപുരം | 23 |
| 2.2 | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര | 25 |

| ഭാഗം 3 | | |
|---|---|---|
| 3.1 | അച്ചടി മാധ്യമങ്ങളിൽ പരസ്യം നൽകിയത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 31 |
| 3.2 | കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി കരാറിലേർപ്പെട്ടില്ല – വൈദ്യുതി ചാർജിനൊപ്പം പിഴ ഒടുക്കി | 32 |
| 3.3 | വൈദ്യുതി ചാർജ് കുടിശ്ശിക – അധികം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല | 33 |
| 3.4 | ആദായനികുതി ഈടാക്കിയതിൽ കുറവ് | 34 |
| 3.5 | കരാർ വയ്ക്കുന്നതിന് കാലതാമസം - നിയമാനുസൃതമായി പിഴ ഈടാക്കിയിട്ടില്ല | 35 |
| 3.6 | കേരള പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നു | 36 |
| 3.7 | ടെർമിനൽ സറണ്ടർ - അധികം തുക നൽകി | 39 |
| 3.8 | സിവിൽ വർക്കുകൾ ചെയ്തതിന് കൂടുതൽ തുക നൽകി | 40 |
| 3.9 | പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ - പിഴ ഈടാക്കിയില്ല | 41 |
| 3.10 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പള നിക്കവറി ഒടുക്ക് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു | 42 |
| 3.11 | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങലുകൾ - സ്റ്റോർ പർച്ചേസ് നിയമം പാലിക്കുന്നില്ല - തുക തടസ്സപ്പെടുത്തുന്നു | 44 |
| 3.12 | ജീവനക്കാരുടെ എൽ.ഐ.സി പ്രീമിയം ഒടുക്കിയത് - രസീത് ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു | 45 |
| 3.13 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 46 |
| 3.14 | ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചത് - രേഖകൾ ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു | 49 |

| | | |
|---|---|---|
| 3.15 | ജീവനക്കാർക്ക് കുടിശ്ശിക തുകകൾ അനുവദിച്ചത് കൈപ്പറ്റ് വിവരം ലഭ്യമല്ല - തുക തടസ്സപ്പെടുത്തുന്നു | 49 |
| 3.16 | റീയേജന്റുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല | 50 |
| 3.17 | ഇ.എസ്.ഐ രജിസ്ട്രേഷൻ സ്വകാര്യ എച്ച്.ആർ കൺസൾട്ടന്റ് വഴി ചെയ്തു - തുക നിരാകരിക്കുന്നു | 51 |
| 3.18 | മരാമത്ത് പ്രവർത്തികൾ - അപാകതകൾ | 53 |
| ഭാഗം 4 | | |
| 4.1 | സാമ്പത്തിക നില | 57 |
| 4.2 | ഓഡിറ്റ് ചാർജ് | 57 |
| 4.3 | ഓഡിറ്റ് പ്രത്യവലോകനം | 58 |

Intentionally Left Blank

**നമ്പർ.കെ.എസ്.എ-കെ.എച്ച്.ആർ.197/എസ്.2/2021 തീയതി: 04.05.2022**

**31.08.2022**

**കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ**

**(കെ.എച്ച്.ആർ.ഡബ്ല്യു.എസ്) 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്**

[1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് - 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം - 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്]

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.ഹരികുമാർ.റ്റി.കെ**<br>**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.6.2021 മുതൽ 30.11.2021 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ചാക്കോ.റ്റി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജസ്റ്റിൻരാജ്.എഫ്, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മധു.കെ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.നവനീത്.ബി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| **നിർവ്വഹണാധികാരികൾ** | |
| മാനേജിഗ് ഡയറക്ടർ | ശ്രീ.കെ.ഹരീന്ദ്രകുമാർ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ശ്രീ.എസ്.മുരളീധരൻ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| ഫിനാൻസ് ഓഫീസർ | ശ്രീ.വി.അജയകുമാർ<br>(01.04.2015 മുതൽ 07.04.2015 വരെ) |
| | ശ്രീ.എസ്.മുരളീധരൻ<br>(08.04.2015 മുതൽ 10.05.2015 വരെ അധികചുമതല) |
| | ശ്രീ.എസ്.മോഹനൻ<br>(11.05.2015 മുതൽ 31.03.2016 വരെ) |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കെ.ജി.വേണുഗോപാൽ<br>(01.04.2015 മുതൽ 31.03.2016 വരെ) |

## ഓഡിറ്റിന് വിധേയമാക്കിയ വാർഷിക കണക്കുകൾ

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി, ആസ്ഥാന കാര്യാലയത്തിലെയും, 6 യൂണിറ്റുകളിലെയും വരവുകൾ, ചെലവുകൾ എന്നിവ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. യൂണിറ്റുകളുടെ ഓഡിറ്റ് നോട്ടുകളിലെ പ്രസക്ത ഭാഗങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*(കോവിഡ് നിയന്ത്രണങ്ങളുണ്ടായിരുന്നതിനാൽ ഓഡിറ്റ് പ്ലാൻ അനുസരിച്ച് എല്ലാ യൂണിറ്റുകളുടേയും ഓഡിറ്റ് നടത്താനായിട്ടില്ല)*

## ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഓഡിറ്റ് റിപ്പോർട്ടിൽ നാല് ഭാഗങ്ങളാണുള്ളത്.

| | |
|---|---|
| ഭാഗം - I | ആമുഖം, പൊതു അവലോകനം, സ്ഥാപനത്തിലെ പൊതു പ്രവണതകൾ, ആഭ്യന്തര നിയന്ത്രണം, ഓഡിറ്റ് നിർദ്ദേശങ്ങൾ മുതലായവ |
| ഭാഗം - II | വരവ് ഇനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം - III | ചെലവ് ഇനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം - IV | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

## ഭാഗം - I

### ആമുഖം

1955 ലെ ട്രാവൻകൂർ-കൊച്ചി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XII അനുസരിച്ച് 19.06.1973 ലെ സർക്കാർ ഉത്തരവ് (കൈ)146/73/HD പ്രകാരം സ്ഥാപിതമായതും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതുമായ ഒരു പങ്കാളിത്ത സ്ഥാപനമാണ് കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യു.എസ്). കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും, തിരുവനന്തപുരത്ത് രജിസ്റ്റേഡ് ആസ്ഥാന കാര്യാലയമുള്ളതുമായ ഈ സ്ഥാപനത്തിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ആറ് മേഖലാ കാര്യാലയങ്ങളുമുണ്ട്.

### പ്രവർത്തന ലക്ഷ്യം

- സർക്കാർ ആതുരാലയങ്ങളിലെ രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് കേരള സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുക.
- തനത് ഫണ്ട്, സർക്കാർ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സംഭാവന, വായ്പ എന്നിവ വിനിയോഗിച്ച് സർക്കാർ ആതുരാലയങ്ങളിൽ രോഗികളുടെ താമസത്തിനും ചികിത്സയ്ക്കും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് പരിപാലിക്കുക.
- പേവാർഡുകളിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് വായ്പകൾ തിരിച്ചടയ്ക്കുകയും മിച്ചമുള്ള പണം സർക്കാർ ആതുരാലയങ്ങളിലെ രോഗികളുടെ ക്ഷേമത്തിനായി വിനിയോഗിക്കുകയും ചെയ്യുക.
- രോഗികളുടെ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് ഗവേഷണം നടത്തുക.
- ഡിസ്ചാർജ് ചെയ്യപ്പെടുന്ന മാനസിക, ശാരീരിക വെല്ലുവിളികളെ നേരിടുന്ന രോഗികൾക്ക് പുനരധിവാസം ഒരുക്കുക.
- രോഗികളുടെ സ്ഥിതിവിവരക്കണക്കുകൾ, ആരോഗ്യപരവും ശാസ്ത്രീയവുമായുള്ള അറിവുകളുടെ ശേഖരണം, പ്രസിദ്ധീകരണം, പ്രചരണം.

## ഭരണ നിർവ്വഹണം

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ന്റെ ഭരണ നിർവ്വഹണത്തിന് രണ്ട് സമിതികൾ ഉണ്ട്.

- സൊസൈറ്റിയുടെ മുഴുവൻ അംഗങ്ങളും ഉൾപ്പെടുന്ന ജനറൽ ബോഡി.
- കേരള ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ചെയർമാനും, വൈസ് ചെയർമാനും, മാനേജിംഗ് ഡയറക്ടറുമുൾപ്പെടെ കുറഞ്ഞത് 7 പേരും പരാമാവധി 15 പേരും ഉൾപ്പെട്ട ഭരണ നിർവ്വഹണ സമിതി (Governing body)

സ്ഥാപനത്തിന്റെ ഭരണചുമതല ഗവേണിംഗ് ബോഡിക്കാണ്. മുഖ്യ ഭരണ നിർവ്വഹണ ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറാണ്. മാനേജിംഗ് ഡയറക്ടർക്ക് കീഴിൽ 6 മേഖലാ മാനേജർമാരും, ആസ്ഥാന കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും, ഫിനാൻസ് ഓഫീസറും പ്രവർത്തിക്കുന്നു.

## യൂണിറ്റുകൾ

സർക്കാർ ആതുരാലയങ്ങളിലെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വിവിധ മേഖലകളിലായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ താഴെപ്പറയുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

| തിരുവനന്തപുരം മേഖല | |
|---|---|
| എ) പേ വാർഡുകൾ | |
| 1 | മെഡിക്കൽ കോളേജ്, തിരുവനന്തപുരം (Old & Delux) |
| 2 | എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം (Old & Delux) |
| 3 | വനിതാ-ശിശു ആശുപത്രി, തൈയ്ക്കാട്, തിരുവനന്തപുരം |
| 4 | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| 5 | മാതൃകാ ജില്ലാ ആശുപത്രി, പേരൂർക്കട |
| 6 | താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം |
| 7 | റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം |
| 8 | പഞ്ചകർമ്മ ആശുപത്രി, പൂജപ്പുര, തിരുവനന്തപുരം |
| 9 | ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര |
| 10 | ജില്ലാ ആശുപത്രി, നെടുമങ്ങാട് |

| | |
|---|---|
| 11 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ് |
| 12 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല |
| 13 | ഗവൺമെന്റ് ആയുർവേദ ആശുപത്രി, നെയ്യാറ്റിൻകര |
| **ബി) ഡയഗ്നോസ്റ്റിക് യൂണിറ്റുകൾ** | |
| 1 | എ.സി.ആർ ലാബ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം |
| 2 | എ.സി.ആർ ലാബ്, വനിതാ-ശിശു ആശുപത്രി, തിരുവനന്തപുരം |
| 3 | എ.സി.ആർ ലാബ്, എം.എൽ.എ ഹോസ്റ്റൽ, തിരുവനന്തപുരം |
| 4 | എ.സി.ആർ ലാബ്, പേരൂർക്കട |
| 5 | എ.സി.ആർ ലാബ്, ആസ്ഥാനകാര്യാലയം |
| 6 | കാത്ത് ലാബ് & ഐ.സി.യു - മെഡിക്കൽ കോളേജ്, തിരുവനന്തപുരം |
| 7 | എൻഡോസ്കോപ്പി, മെഡിക്കൽ കോളേജ്, തിരുവനന്തപുരം |
| 8 | അൾട്രാസൗണ്ട് സ്കാൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം |
| 9 | അൾട്രാസൗണ്ട് സ്കാൻ, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം |
| **സി) ഐ.പി.പി.പ്രസ്സ്, തിരുവനന്തപുരം** | |

| **കൊല്ലം മേഖല** | |
|---|---|
| **എ) പേ വാർഡുകൾ** | |
| 1 | ജില്ലാ ആശുപത്രി, കൊല്ലം |
| 2 | ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം |
| 3 | ജനറൽ ആശുപത്രി, പത്തനംതിട്ട |
| 4 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര |
| 5 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, അടൂർ |
| **ബി) ഡയഗ്നോസ്റ്റിക് യൂണിറ്റ്** | |
| 1 | എ.സി.ആർ.ലാബ്, വിക്ടോറിയ ആശുപത്രി, കൊല്ലം |

| **കോട്ടയം മേഖല** | |
|---|---|
| **എ) പേ വാർഡുകൾ** | |
| 1 | മെഡിക്കൽ കോളേജ്, കോട്ടയം |

| | |
|---|---|
| 2 | ഐ.സി.എച്ച്, കോട്ടയം |
| 3 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല |
| 4 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചങ്ങനാശ്ശേരി |
| 5 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാല |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കാഞ്ഞിരപ്പള്ളി |
| 7 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ |
| 8 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വൈക്കം |
| 9 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല |
| 10 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട് |
| 11 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മാവേലിക്കര |
| 12 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം |
| 13 | വനിതാ-ശിശു ആശുപത്രി, ആലപ്പുഴ |
| 14 | ജനറൽ ആശുപത്രി, ആലപ്പുഴ |
| **ബി) ഡയഗ്നോസ്റ്റിക് യൂണിറ്റ്** | |
| 1 | എ.സി.ആർ.ലാബ്, മെഡിക്കൽ കോളേജ്, കോട്ടയം |
| 2 | എ.സി.ആർ. ലാബ്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട് |
| 3 | എൻ.ഐ.സി ലാബ്, മെഡിക്കൽ കോളേജ്, കോട്ടയം |

| | |
|---|---|
| **തൃശ്ശൂർ മേഖല** | |
| **എ) പേ വാർഡുകൾ** | |
| 1 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മൂവാറ്റുപുഴ |
| 2 | ജനറൽ ആശുപത്രി, എറണാകുളം |
| 3 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൃപ്പൂണിത്തുറ |
| 4 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ |
| 5 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കോതമംഗലം |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലുവ |
| 7 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വടക്കൻ പറവൂർ |
| 8 | മെഡിക്കൽ കോളേജ്, തൃശ്ശൂർ, മുളങ്കുന്നത്തുകാവ് |
| 9 | ജനറൽ ആശുപത്രി, തൃശ്ശൂർ |

| | |
|---|---|
| 10 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഇരിങ്ങാലക്കുട |
| 11 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊടുങ്ങല്ലൂർ |
| 12 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വടക്കാഞ്ചേരി |
| 13 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാവക്കാട് |
| 14 | മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ |
| 15 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി |

| **കോഴിക്കോട് മേഖല** | |
|---|---|
| **എ) പേ വാർഡുകൾ** | |
| 1 | മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 2 | മെഡിക്കൽ കോളേജ്, മഞ്ചേരി |
| 3 | ജില്ലാ ആശുപത്രി, പാലക്കാട് |
| 4 | ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട് |
| 5 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരിന്തൽമണ്ണ |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂർ |
| 7 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പൊന്നാനി |
| 8 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ |
| 9 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി |
| 10 | സാമൂഹിക ആരോഗ്യകേന്ദ്രം, നെന്മാറ |
| 11 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ |
| 12 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറ്റൂർ |
| 13 | ഐ.എം.സി.എച്ച്, കോഴിക്കോട് |
| 14 | വനിതാ-ശിശു ആശുപത്രി, കോട്ടപ്പറമ്പ |
| 15 | ജില്ലാ ആശുപത്രി, മാനന്തവാടി |
| 16 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി |
| 17 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വടകര |
| 18 | ജനറൽ ആശുപത്രി, താമരശ്ശേരി |
| 19 | ജനറൽ ആശുപത്രി, നാദാപുരം |

| ബി) ഡയഗ്നോസ്റ്റിക് യൂണിറ്റ് | |
|---|---|
| 1 | എ.സി.ആർ.ലാബ്, മെഡിക്കൽ കോളേജ്, മഞ്ചേരി |
| 2 | എ.സി.ആർ ലാബ്, മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 3 | സി.റ്റി.സ്കാൻ മെഡിക്കൽ കോളേജ്, മഞ്ചേരി |
| 4 | സി.റ്റി.സ്കാൻ മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 5 | വീഡിയോ എൻഡോസ്കോപ്പി, മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 6 | എക്കോ കാർഡിയോഗ്രാം, മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 7 | യു.എസ്.ജി സ്കാൻ മെഡിക്കൽ കോളേജ്, മഞ്ചേരി |

| കണ്ണൂർ മേഖല | |
|---|---|
| എ) പേ വാർഡുകൾ | |
| 1 | ജില്ലാ ആശുപത്രി, കണ്ണൂർ |
| 2 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |
| 3 | ജനറൽ ആശുപത്രി, കാസർഗോഡ് |
| 4 | ജനറൽ ആശുപത്രി, പയ്യന്നൂർ |
| 5 | ആയൂർവേദ ആശുപത്രി, പരിയാരം |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് |
| 7 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി |
| ബി) ഡയഗ്നോസ്റ്റിക് യൂണിറ്റ് | |
| 1 | എ.സി.ആർ.ലാബ്, ജനറൽ ആശുപത്രി, പയ്യന്നൂർ |
| 2 | എ.സി.ആർ.ലാബ്, കൂത്തുപറമ്പ് |
| 3 | എ.സി.ആർ.ലാബ്, കാഞ്ഞങ്ങാട് |

**ഓഡിറ്റിന് വിധേയമാക്കിയ യൂണിറ്റുകൾ**

1. പേവാർഡ് താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം
2. പേവാർഡ് ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
3. എ.സി.ആർ ലാബ്, തൈയ്ക്കാട്
4. എ.സി.ആർ ലാബ്, ഹരിപ്പാട്
5. വീഡിയോ എൻഡോസ്കോപ്പി, മെഡിക്കൽ കോളേജ്, കോഴിക്കോട്
6. എക്കോ കാർഡിയോഗ്രാം, മെഡിക്കൽ കോളേജ്, കോഴിക്കോട്

## പൊതു അവലോകനം

### 1.1 വാർഷിക കണക്ക് യഥാസമയം ഹാജരാക്കിയില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് (ജി.ഒ (പി)77/96/ധന, തീയതി 10.01.1996 പ്രകാരം 15.01.1996 മുതൽ പ്രാബല്യം) വകുപ്പ് 9(1) പ്രകാരം ടി സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫോറത്തിലും എക്സിക്യൂട്ടീവ് അധികാരി തയ്യാറാക്കി ആ സാമ്പത്തിക വർഷം അവസാനിച്ച ശേഷം നാലുമാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ 24.09.2020 നാണ് ഓഡിറ്റിനായി ഹാജാരാക്കിയിട്ടുള്ളത്. മാത്രമല്ല ടി വാർഷിക കണക്കുകളിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ സ്ഥാപനത്തിലെ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നവയല്ല.

### 1.2 ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.

കേരള ട്രഷറി കോഡ് റൂൾ 92(എ) അനുസരിച്ച് പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യാഗസ്ഥന്മാരും റ്റി.ആർ.7 എ ഫോമിലുള്ള ക്യാഷ് ബുക്ക് പരിപാലിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ടി സ്ഥാപനത്തിൽ അത്തരത്തിലുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. പകരമായി സ്ഥാപനത്തിന്റെ എല്ലാ വരവു ചെലവുകളും Tally ERP9 ലാണ് രേഖപ്പെടുത്തുന്നത്. കൂടാതെ ഫിക്സഡ് അസറ്റ് രജിസ്റ്റർ, രസീത് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ഡി.ഡി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ മുതലായവയൊന്നും തന്നെ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. മേൽ രജിസ്റ്ററുകൾ പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1.3.1 സ്കീം വർക്കുകളുടെ കണക്കുകൾ, വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നു

സ്കീം വർക്കുകളായ ആയുഷ്, കെ.എസ്.എസ്.എം, എൻ.ആർ.എച്ച്.എം, എസ്.ഡബ്ല്യൂ.ഡി, ഐ.ഐ.എച്ച്.എ.എൻ.എസ്, കെ.എം.എസ്.സി.എൽ, സീതാലയം എന്നിവയുടെ പ്രവൃത്തികൾ ചെയ്യുന്നതിന് ചെയ്ത പ്രവർത്തിയുടെ 12% സെന്റേജ് ചാർജ് മാത്രമാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്സിന് ലഭിക്കുന്നത്. അതായത് സെന്റേജ് ചാർജ് ഇനത്തിൽ ലഭിക്കുന്ന തുക മാത്രമാണ് വരവ് ഇനത്തിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ മേൽ സ്കീം വർക്കുകളുടെ എല്ലാം ആകെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നു. ആയതിനാൽ യഥാർത്ഥ കണക്കുകളേക്കാൾ കൂടിയ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളാണ്

അക്കൗണ്ടിൽ പ്രതിഫലിക്കുന്നത്. ഉദാഹരണമായി 2015-16 വർഷത്തെ കണക്കുകളിൽ സ്കീം വർക്കുകളുടെ വരവ് (കാപ്പിറ്റൽ അക്കൗണ്ട്) 1,71,77,432/- രൂപയും, സ്കീം വർക്ക് ഇൻ പ്രോഗ്രസ് 7,69,63,023/- രൂപയും രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിക്കാണുന്നു. നീക്കിയിരിപ്പിന്റെ ശരിയായ കണക്ക് രേഖപ്പെടുത്തിയിട്ടില്ല.

ആയതിനാൽ സ്കീം വർക്കുകളുമായി ബന്ധപ്പെട്ട കണക്കുകൾക്കായി ഒരു പ്രത്യേക ക്യാഷ് ബുക്ക് (സബ്സിഡിയറി ക്യാഷ് ബുക്ക്) പരിപാലിക്കാവുന്നതാണ്.

### 1.3.2 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ 2015-16 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

1. 2015-16 ലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ് - ന്റെ വാർഷിക കണക്ക പ്രകാരം 6,77,94,246/- രൂപയുടെ സ്ഥിരനിക്ഷേപമാണുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ 7,33,94,246/- രൂപയുടെ സ്ഥിരനിക്ഷേപമായിരുന്നു. 2015-16 സ്ഥിരനിക്ഷേപത്തിൽ 56,00,000/- രൂപയുടെ കുറവുണ്ടായി.
2. Annual Accounts 2014-15 പ്രകാരം ക്ലോസിംഗ് ബാലൻസ് നീക്കിയിരിപ്പ് 15,20,86,943.61/- രൂപയാണ്. എന്നാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് 2015-16 ന്റെ പ്രാരംഭ ബാക്കി 15,20,53,230.61/- രൂപയാണ്. 33,713/- രൂപയുടെ വ്യതിയാനമുണ്ടായതിലൂടെ വാർഷിക കണക്കിന്റെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്.
3. വാർഷിക കണക്ക് 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്നവയുടെ തുകയിൽ മാറ്റമില്ലാതെ തുടരുന്നു.

| | |
|---|---:|
| Deposit Work | 8,01,063 |
| Flagship Work | 1,16,10,000 |
| Plan Work | 5,84,719 |

4. 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ creditors for expenses, creditors for goods supplied ഒരേ തുക കാണിച്ചിരിക്കുന്നു (അതായത് creditors for expenses, Power, Fuel & Water charges Rs.1,25,00,000/-, creditors for good supplied Rs.50,480/-)

5. Capital Account എന്ന വാർഷിക കണക്കിന്റെ ഭാഗത്ത് 2014-15, 2015-16 ലേയും വാർഷിക കണക്കിൽ NRHM ഫണ്ട് 1,48,85,905/-, Refund of Unspent balance 450/-, Land Realisation Value 24,01,458/- എന്നിവ ഒരേ തുകകളാണ് കാണിച്ചിരിക്കുന്നത്. ഇങ്ങനെ ഒരേ തുകകൾ വർഷങ്ങളായി കണിക്കുന്നതിന്റെ അടിസ്ഥാനകാരണമെന്താണെന്ന് ഓഡിറ്റിനോട് വിശദീകരിച്ചിട്ടില്ല.

6. Current Assets എന്ന വാർഷിക കണക്കിന്റെ ഭാഗത്ത് TDS 17,97,874/-. TDS Recovered 1,00,494/- എന്ന തുക കാണിച്ചിരിക്കുന്നു. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഒരേ തുകകൾ കാണിക്കുന്നതിലൂടെ നികുതി യഥാസമയം അടവാക്കുന്നില്ലെന്ന വസ്തുതയാണ് ബോധ്യപ്പെടുന്നത്.

7. 2014-15 വാർഷിക കണക്കിൽ KCWWF Payable ആയി കാണിച്ചിരിക്കുന്ന തുക 12,34,819/- രൂപയാണ്. 2015-16 ൽ ആയത് 17,05,008/- രൂപയാണ്. KCWWF തുക അടയ്ക്കാത്തത് തെറ്റായ പ്രവണതയാണ്.

8. 2015-16 ലെ വാർഷിക കണക്ക് Schedule -12, creditors for expenses EDP Payable Employment തുക 14,67,541/- Power fuel and water 1,25,00,000/- ആയി കാണിച്ചിരിക്കുന്നു. 2014-15-ൽ ഇതേ തുകയാണ് ഈ ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

9. Schedule 14 other liablities എന്ന ഭാഗത്ത് താഴെപ്പറയുന്ന ഹെഡ്ഡുകൾ തന്നെയാണ് 2014-15 ലെ വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടുള്ളത് ആയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

| | |
|---|---|
| GPAIS Payable | 600 |
| GPAS Payable | 5,400 |
| HBA | 1,593 |
| KHRWS Loan Payable Permanent HO & Region | 20,524 |
| Pending Salary | 1,080 |
| Refund of advance payable | 316 |
| SLI Payable Permanent HO & Region | 100 |
| VPF Payable | 3,804 |

10. SBI Account No.67070408179, Kozhikkode Medical College Branch അക്കൗണ്ടിന്റെ 31.12.2015 ലെ ക്ലോസിംഗ് ബാലൻസ് 1,826/- രൂപയാണ്.

പ്രസ്തുത അക്കൗണ്ട് പിന്നീട് പ്രവർത്തിക്കുന്നില്ല ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

11. SBI Account No.67670408146 Kozhikkode Medical College Branch - ലെ അക്കൗണ്ടിന്റെ 31.12.2015 ലെ ബാലൻസ് 1,123/- രൂപയാണ്. പിന്നീട് ഈ അക്കൗണ്ടിൽ പണമിടപാടുകൾ നടത്തിയിട്ടില്ല.
12. Account No.30573338680, Thiruvananthapuram SBI പ്രസ്തുത അക്കൗണ്ടിൽ 27.1.2016 ലെ ക്ലോസിംഗ് ബാലൻസ് 9,21,552/- രൂപയാണ് ഉണ്ടായിരുന്നത്. ആയത് 2015-16 ലെ വാർഷിക കണക്കിൽ പ്രസ്തുത തുക ഉൾപ്പെടുത്താതെയാണ് വാർഷിക കണക്ക് അംഗീകരിച്ചിരിക്കുന്നത്.
13. Account No.67135286422 (SBI Manjeri Branch) പ്രസ്തുത അക്കൗണ്ടിന്റെ 1.4.2016 ലെ മുന്നിരിപ്പ് 2,23,884/- രൂപയായിട്ടാണ് കാണിച്ചിരിക്കുന്നത്. എന്നാൽ 31.03.2016 ലെ നീക്കിയിരിപ്പ് 10,18,326.90/- രൂപ ആണ്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
14. Account No.67070408431 SBI, Thiruvananthapuram Region, 31.03.2016 ലെ Closing Balance 66,14,993/- ആയിട്ടാണ് ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്. എന്നാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് വാർഷിക കണക്ക് 2015-16 പ്രകാരം പ്രസ്തുത അക്കൗണ്ടിന്റെ ക്ലോസിംഗ് ബാലൻസ് 63,06,183/- ആയിട്ടാണ് രേഖപ്പെടുത്തി വാർഷിക കണക്ക് തയ്യാറാക്കിയിരിക്കുന്നത്.
15. Bank Account No.57028539685 (SBI Branch ഹരിപ്പാട്) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2016 ലെ ക്ലോസിംഗ് ബാലൻസ് 5,597/- രൂപയാണ്. വ്യത്യാസം സംബന്ധിച്ച് യാതൊരു വിശദീകരണവും കെ.എച്ച്.ആർ.ഡബ്ല്യു. എസ് ന്റെ ഭാഗത്തുനിന്ന് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
16. SBI കൊയിലാണ്ടി ബാങ്ക് അക്കൗണ്ട് നമ്പർ 67069101854 ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2016 ലെ ക്ലോസിംഗ് ബാലൻസ് 64,712/- രൂപയാണ്. എന്നാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് - ന്റെ വാർഷിക കണക്കിൽ പ്രസ്തുതയിനത്തിൽ 21,370/- രൂപയായിട്ടാണ് കാണിച്ചിരിക്കുന്നത്.
17. SBI Thiruvananthapuram Branch അക്കൗണ്ട് നമ്പർ 67118810993 ന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 9,23,199/- ആണ് ക്ലോസിംഗ് ബാലൻസ് എന്നാൽ വാർഷിക കണക്ക് പ്രകാരം 8,22,023/- രൂപയാണ് ക്ലോസിംഗ് ബാലൻസ്.

18. Account No.10067192780 (SBI Medical College PO, Kozhikkode) പ്രസ്തുത അക്കൗണ്ടിൽ 6.1.2016 ൽ ക്ലോസിംഗ് ബാലൻസായി 5,29,132.17/- രൂപയുള്ളതായി അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ വാർഷിക കണക്കിൽ ഉൽപ്പെടുത്തിയിട്ടില്ല.

19. Account No.6707408204 SBI Branch മെഡിക്കൽ കോളേജ്, കോഴിക്കോട് പ്രസ്തുത അക്കൗണ്ട് പ്രവർത്തനരഹിതമായി നിലനിർത്തിയിരിക്കുന്നു.

20. SBI Account No.67070408260 SBI Royal Palace Road Branch ലെ അക്കൗണ്ടിന്റെ 31.12.2015 ന്റെ ക്ലോസിംഗ് ബാലൻസ് 1,976/- രൂപയാണ്. 31.02.2015 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ നിന്നുള്ള പണമിടപാടുകൾ നിർത്തിവച്ചിരിക്കുന്നു.

മേൽ വിവരച്ച രീതിയിൽ 2015-16 വാർഷിക കണക്കിൽ വിവിധ തുകകൾ തെറ്റായി രേഖപ്പെടുത്തിയും യഥാർത്ഥമായ ബുക്ക് ഓഫ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിലല്ല വാർഷിക ധനകാര്യ പത്രികകളിലെ വിവരശേഖരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1.4 സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

പേവാർഡുകൾ, ലബോറട്ടറികൾ, മറ്റ് ഡയഗ്നോസ്റ്റിക് യൂണിറ്റുകൾ എന്നിവിടങ്ങളിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകതകൾ കണ്ടെത്തി. രസീത് പുസ്തകങ്ങൾ, റീഫണ്ട് വൗച്ചറുകൾ, റിയേജന്റുകൾ, ആൻജിയോകിറ്റുകൾ, മറ്റവശ്യ വസ്തുക്കൾ എന്നിവയുടെ സ്റ്റോക്ക് വിനിയോഗ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ യൂണിറ്റുകളിൽ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല.

രസീത് പുസ്തകങ്ങളും, റീഫണ്ട് വൗച്ചറുകളും, പേവാർഡുകളിൽ ഉപയോഗിച്ചുവരുന്ന അവശ്യ വസ്തുക്കളും അതാത് മേഖലാ മാനേജരുടെ കാര്യാലയത്തിൽ നിന്നാണ് ആവശ്യാനുസരണം വിതരണം ചെയ്യുന്നത്. ഇവ സ്റ്റോക്കിലെടുക്കാതെയാണ് പല യൂണിറ്റുകളിലും ഉപയോഗിച്ചുവരുന്നത്. ആയതിനാൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്ന രസീതുകളുടെയും റീഫണ്ട് വൗച്ചറുകളുടെയും ആധികാരികത ഉറപ്പാക്കാൻ കഴിയില്ല.

ലബോറട്ടറികളിലും മറ്റ് ഡയഗ്നോസ്റ്റിക് യൂണിറ്റുകളിലും ഉപയോഗിക്കുന്ന റിയേജന്റുകൾ, ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും സ്റ്റോക്ക് വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ

വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലും യൂണിറ്റുകളുടെ ഓഡിറ്റ് നോട്ടുകളിലും ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്ന സാഹചര്യമാണുള്ളത്.

രസീതുകളുടെയും, റീഫണ്ട് വൗച്ചറുകളുടെയും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിന് ബന്ധപ്പെട്ട ലേസെക്രട്ടറിമാർക്കും, കാഷ്യർമാർക്കും നിർദ്ദേശം നൽകേണ്ടതും റിയേജന്റുകളുടെയും മറ്റ് വസ്തുക്കളുടെയും സ്റ്റോക്ക് വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നിശ്ചിത മാതൃകയിൽ അച്ചടിച്ച സ്റ്റോക്ക് രജിസ്റ്റർ എല്ലാ യൂണിറ്റുകൾക്കും നൽകി ആയത് പരിപാലിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും കൃത്യമായ ഇടവേളകളിൽ മേഖലാ മാനേജർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1.5 ജീവനക്കാരുടെ നിയമനം - സ്പെഷ്യൽ റൂൾ പാലിക്കുന്നില്ല.

1973 ൽ പ്രവർത്തനം ആരംഭിച്ച കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ ഭരണചട്ടങ്ങളിലെ ചട്ടം 21(1), 21(7) എന്നിവ പ്രകാരം അടിസ്ഥാന ശമ്പളം 600/- രൂപയ്ക്ക് മുകളിലുള്ള എല്ലാ തസ്തികകളിലേയും നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആരോഗ്യ വകുപ്പിന്റെ 01.11.1990 ലെ ജി.ഒ.(എം.എസ്)200/90/എച്ച്&എഫ്.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനു ശേഷം 22.04.2000 ൽ ജി.ഒ.(എം.എസ്) 98/2000/എച്ച്&എഫ്.ഡബ്ല്യു.ഡി ഉത്തരവിലൂടെ അംഗീകൃത തസ്തികകളും അനുബന്ധ യോഗ്യതകളും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇവയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒട്ടനവധി താൽക്കാലിക തസ്തികകളിൽ ദിവസവേതനത്തിലും, കരാർ അടിസ്ഥാനത്തിലും സ്ഥാപനം നേരിട്ട് നിയമനം നടത്തുന്ന പ്രവണത തുടരുന്നു. നിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെയാണ് നടത്തുന്നത്.

2017 ലെ കണക്കനുസരിച്ച് കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ വിവിധ സ്ഥാപനങ്ങളിലായി 552 പേർ ദിവസവേതന/കരാർ ജീവനക്കാരായി ജോലി ചെയ്യുന്നു. നിലവിൽ 237 കരാർ ജീവനക്കാരും 290 ദിവസവേതനക്കാരും ജോലി ചെയ്യുന്നുണ്ട്.

ഹെഡ്ഡാഫീസിൽ പ്രത്യേക സ്റ്റാഫ് പാറ്റേൺ നിലവിലില്ല. വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ മതിയായ യോഗ്യതയില്ലാത്തവരെയാണ് ഹെഡ്ഡാഫീസിൽ നിയമിച്ചിട്ടുള്ളത്. ക്ലീനർ, പേവാർഡ് കീപ്പർ, ബൈന്റർ എന്നീ തസ്തികകളിലുള്ളവരെയാണ് ജൂനിയർ അസിസ്റ്റന്റ്, ക്ലാർക്ക്, അക്കൗണ്ടന്റ്

തസ്തികകളിൽ നിയമിക്കുന്നത്. ഇത് ഓഫീസ് പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിക്കുന്നു. യോഗ്യതയുടെ അടിസ്ഥാനത്തിലോ ജോലിയുടെ സ്വഭാവം അനുസരിച്ചോ അല്ല ജീവനക്കാരെ നിയമിക്കുന്നത്.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (P&ARD) പ്രത്യേക പഠനം നടത്തി കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ ജോലിഭാരം നിർണ്ണയിക്കുകയും ജീവനക്കാരുടെ ഘടന പുനർ നിർണ്ണയിച്ച് ഹെഡ് ഓഫീസ് ഉൾപ്പെടെ സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കേണ്ടതുണ്ട്. അതിൻപ്രകാരം സ്പെഷ്യൽ റൂൾ പരിഷ്കരിക്കേണ്ടതും, ടി റൂൾ അനുസരിച്ച് ജീവനക്കാരെ നിയമിക്കേണ്ടതുമാണ്. ഒഴിവുവരുന്ന തസ്തികളിലേയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചാൽ സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നതിന് വഴിയൊരുക്കും. മേൽ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഗവേണിംഗ് ബോഡി പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

## 1.6 ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കുന്നില്ല.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച ശേഷം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രമക്കേടുകൾ, പോരായ്മകൾ എന്നിവ പരിഹരിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അധികാരി രണ്ട് മാസത്തിനുള്ളിൽ ഓഡിറ്റിന് മറുപടി നൽകേണ്ടതാണ്. എന്നാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള റിപ്പോർട്ടുകളിന്മേൽ ഒന്നുംതന്നെ അത്തരത്തിലുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ലംഘനമായി കാണുന്നു. നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ട തുകകളൊന്നും ഈടാക്കിയതായി അറിയിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതും സ്ഥാപനത്തിന് നഷ്ടമായ തുകകൾ ഈടാക്കേണ്ടതും കെ.എച്ച്.ആർ.ഡബ്ല്യു.എസ് മാനേജിംഗ് ഡയറക്ടറുടെ ഉത്തരവാദിത്തമാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിന്മേൽ സത്വരനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് അക്ട് വകുപ്പ് 15 പ്രകാരമുള്ള മറുപടി ലഭ്യമാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1.7 ഉപയോഗിക്കാത്ത പഴയവാഹനം ലേലം ചെയ്തു നൽകിയിട്ടില്ല.

2006 മോഡലായ KL-01-AL-220 മാരുതി ബലെനോ പെട്രോൾ കാർ 2017 മുതൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. കാലം ചെല്ലുന്തോറും വാഹനത്തിന്റെ

മൂല്യം നഷ്ടപ്പെടുമെന്നതിനാൽ ലേലം ചെയ്തു നൽകേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നതാണ്. എന്നാൽ നാളിതുവരെയായി വാഹനം ലേലം ചെയ്തു നൽകിയിട്ടില്ല. ടി വാഹനത്തിന് റിപ്പയറിംഗിനായി വളരെയധികം തുക ചെലവഴിക്കേണ്ടി വരുന്നതിനാൽ പുതിയ വാഹനം വാങ്ങാൻ ഗവേണിംഗ് ബോഡി തീരുമാനിക്കുകയായിരുന്നു. 12/2012 ൽ പുതിയ വാഹനം വാങ്ങിയപ്പോൾത്തന്നെ പഴയ വാഹനം ലേലം ചെയ്യുകയോ, കൈമാറ്റം ചെയ്യുകയോ ചെയ്യാമായിരുന്നു. എന്നാൽ ഇത്രയും കാലം അത്തരത്തിൽ ചെയ്യാതിരുന്നതുമൂലം വാഹനത്തിന്റെ മൂല്യം കുറയാനും, ബാറ്ററി, മറ്റ് ഉപകരണങ്ങൾ എന്നിവ പ്രവർത്തനക്ഷമമല്ലാതെ ആകാനും ഇടയായി. ഇതുമൂലം സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി വിഷയത്തിൽ എത്രയും വേഗം നടപടി കൈക്കൊണ്ട് വിവരം അറിയിക്കേണ്ടതാണ്.

## 1.8 വൗച്ചറുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

സ്ഥാപനത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ചെലവ് വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തുക അനുവദിക്കുന്ന ഉത്തരവുകളുടെ അവ്യക്തമായ കൈയ്യെഴുത്ത് പ്രതികൾ, കരടുകൾ എന്നിവയാണ് വൗച്ചറുകളോടൊപ്പം സൂക്ഷിക്കുന്നത്. ഇത്തരത്തിലുള്ള എല്ലാ വൗച്ചറുകളും മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
2. ബില്ലുകൾ, (റദ്ദുചെയ്യപ്പെട്ടതും, പാസ് ഓർഡർ രേഖപ്പെടുത്തി മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയതുമായവ) മറ്റ് അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നില്ല.
3. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി മറ്റ് സ്ഥാപനങ്ങളിൽ ഒടുക്കുന്ന തുകകൾക്ക് രസീതുകൾ/കൗണ്ടർ ഫോയിലുകൾ സൂക്ഷിക്കുന്നില്ല.
4. സൊസൈറ്റിയുടെ മറ്റ് അക്കൗണ്ടുകളിലേയ്ക്ക് ഫണ്ട് ട്രാൻസർ നടത്തുമ്പോൾ ബാങ്ക് ചലാനുകൾ, ട്രാൻസ്ഫർ ചെയ്യപ്പെട്ട തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾക്കൊള്ളിയ്ക്കുന്നില്ല.
5. താല്ക്കാലിക ജീവനക്കാർ, ദിവസവേതന ജീവനക്കാർ എന്നിവർക്ക് പ്രതിഫലം നൽകുമ്പോൾ അവരുടെ മസ്റ്റർറോൾ (ഡ്യൂട്ടി കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കിയിട്ടില്ല.
6. സംസ്ഥാനത്തെ എല്ലാ യൂണിറ്റുകളിലും ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാർക്കും മുഖ്യ കാര്യാലയത്തിൽ നിന്നാണ് ശമ്പളം അനുവദിക്കുന്നത്. എന്നാൽ

അവരുടെ ഹാജർ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. വൗച്ചറുകളിൽ ക്രമനമ്പർ രേഖപ്പെടുത്തിയിട്ടില്ല.

7. തെർമൽ പ്രിന്റുകളിൽ നിന്നും ലഭിക്കുന്ന ബില്ലുകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നതിൽ അവയിലെ മഷി മാഞ്ഞുപോയ അവസ്ഥയിലാണ് (അവയുടെ ഫോട്ടോസ്റ്റാറ്റുകൂടി ഉൾപ്പെടുത്തുന്നില്ല).
8. സൊസൈറ്റിയുടെ കീഴിലുള്ള വിവിധ റീജിയനുകളിലേക്ക് ഇംപ്രസ്റ്റ് അക്കൗണ്ട് റീക്കുപ്പ് ചെയ്തു നൽകുന്നതിന്റെ ഉത്തരവുകൾ ചേർക്കുന്നില്ല. മറ്റ് ചെലവുകളുടെ തുക അനുവദിക്കുന്ന ഉത്തരവുകളുടെ കരടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ റീ ഏജന്റുകളുടെ തുക അനുവദിക്കുന്ന ഉത്തരവ്, നേരത്തേ തയ്യാറാക്കിയിട്ടുള്ള ഫോമിൽ കൈയ്യക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് വ്യക്തമല്ലാതെയാണ്.
9. റീജിയനുകളിൽ നിന്നും ഇംപ്രസ്റ്റ് അക്കൗണ്ടന്റ് റീ കൂപ്പ് ചെയ്യാനയയ്ക്കുന്ന ബില്ലുകളോടൊപ്പം ചെലവിന്റെ എസ്റ്റിമേറ്റ് കൂടി തയ്യാറാക്കിയിട്ടില്ല. ആയതിന്റെ തുകകൾ മാനേജിംഗ് ഡയറക്ടർ പാസാക്കുന്ന ഉത്തരവ്, തുക റീജിയനുകളിൽ കൈപ്പറ്റിയതിന്റെ രസീത് എന്നിവയും ഉൾപ്പെടുത്തിയിട്ടില്ല.
10. ഇംപ്രസ്റ്റ് അക്കൗണ്ട് ഉപയോഗിച്ച് വാങ്ങുന്ന വിവിധ സാധനങ്ങളുടെ സ്റ്റോക്കുകൾ ബില്ലിൽ രേഖപ്പെടുത്താത്തവയും, വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിൽ അവയുടെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ്, ലോഗ് ബുക്കുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (കണ്ണൂർ റീജിയൻ ഒഴികെ) എന്നിവയും ഇല്ലാതെയും റീക്കുപ്പ്മെന്റ് അനുവദിക്കുന്നു.

## 1.9 പേവാർഡുകൾ അറ്റകുറ്റപണികൾക്ക് ദീർഘകാലം അടച്ചിടുന്നത് വരുമാന നഷ്ടത്തിന് ഇടയാകുന്നു.

അറ്റകുറ്റപണികൾക്കായി പേവാർഡുകൾ ദീർഘകാലം അടച്ചിടേണ്ടി വരുന്നതായി കാണുന്നു. അറ്റകുറ്റപണികൾ യഥാസമയം ചെയ്യാതിരിക്കുന്നതുമൂലവും സിവിൽ വർക്കുകൾ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, പെയിന്റിംഗ് മുതലായവ പ്രത്യേകം വർക്കുകളാക്കി ചെയ്യുന്നതുമൂലവുമാണ് ഇത്തരത്തിൽ കാലതാമസത്തിന് ഇടയാകുന്നത്. മാത്രമല്ല കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിന് ദീർഘനാൾ മുമ്പ് തന്നെ അടച്ചിടുന്നതും പ്രവൃത്തികളുടെ പൂർത്തീകരണ കാലവളവിനുള്ളിൽത്തന്നെ വർക്കുകൾ പൂർത്തീകരിക്കാത്തതും കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ചെറിയ അറ്റകുറ്റപണികൾ യഥാസമയം ചെയ്യാതിരിക്കുന്നതുമൂലം പേവാർഡുകൾ ശോചനീയാവസ്ഥയിലേക്ക് മാറ്റപ്പെടുന്നു. അറ്റകുറ്റപണികളുടെ പേരിൽ യാതൊരു

വർക്കുകളും ചെയ്യാതെ പേവാർഡുകൾ ദീർഘകാലം അടച്ചിടുന്നതായും കാണുന്നു. ടി പ്രവണത രോഗികൾക്ക് അസൗകര്യവും സ്ഥാപനത്തിന് വരുമാന നഷ്ടവും ഉണ്ടാക്കുന്നു.

പേവാർഡുകൾ അടച്ചിടേണ്ട സാഹചര്യമുണ്ടായാൽ പേവാർഡ് കീപ്പർമാർ വിവരം റീജിയണൽ മാനേജർമാരെ അറിയിക്കുകയും അവർ നേരിട്ട് പരിശോധിച്ച് മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്ത ശേഷം നടപടി സ്വീകരിക്കാവുന്നതാണ്. ചെറിയ കേടുപാടുകൾ യഥാസമയം പരിഹരിച്ച് പേവാർഡുകൾ രോഗികൾക്ക് ഉപകാരപ്രദമാകുന്നതിനും അതുമൂലം കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ വരുമാന നഷ്ടം സംഭവിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

കരാർ വർക്കുകൾ കാലാവധിക്കുള്ളിൽ ചെയ്ത തീർക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1.10 പേവാർഡുകൾ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കേണ്ടത് അനിവാര്യം.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ മുതൽ താലൂക്ക് ആസ്ഥാന ആശുപത്രികൾ വരെയുള്ള സ്ഥാപനങ്ങളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ പേവാർഡുകൾ പ്രവർത്തിച്ചുവരുന്നു. പേവാർഡുകൾ ഡീലക്സ്, എ, ബി, സി എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. പലയിടത്തും പേവാർഡുകളിൽ അസൗകര്യം ഉള്ളതായി ഓഡിറ്റ് വേളയിലെ ഭൗതിക പരിശോധനയിൽ കണ്ടെത്തി. പേവാർഡുകൾക്ക് ആവശ്യക്കാർ ഏറെയെങ്കിലും പേവാർഡ് കെട്ടിടങ്ങളുടെ കാലപ്പഴക്കം മൂലവും, അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതിനാലും ആധുനിക സൗകര്യങ്ങളുടെ അഭാവം കാരണവും രോഗികൾക്ക് പലതരത്തിലുള്ള അസൗകര്യങ്ങൾ ഉണ്ടാകുന്നു. ചില പേവാർഡ് മുറികൾക്ക് ജനറൽ വാർഡ് മുറികളേക്കാൾ സൗകര്യങ്ങൾ കുറവാണ്. പലയിടത്തും ലിഫ്റ്റ്/റാമ്പ് സൗകര്യങ്ങൾ ഇല്ലാത്തത് ഗർഭിണികൾ, ശസ്ത്രക്രിയ കഴിഞ്ഞവർ, പ്രായമുള്ളവർ, വീൽചെയർ ആവശ്യമുള്ള രോഗികൾ എന്നിവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇക്കാരണത്താൽ ഇത്തരം രോഗികൾ മുകൾ നിലകളിലുള്ള മുറികൾ എടുക്കുന്നതിൽ വിമുഖത കാണിക്കുന്നു. പലയിടത്തും ജനറേറ്റർ സൗകര്യം ഇല്ലാത്തതിനാൽ വൈദ്യുതി തടസ്സമുള്ളപ്പോൾ പേവാർഡുകളിലെ രോഗികൾക്ക് അസൗകര്യമുണ്ടാകുന്നു. ജലദൗർലഭ്യം, ശുചിമുറികളിൽ എക്സ്ഹോസ്റ്റ് സംവിധാനമില്ലാത്തതും ജനലുകളിലും, എയർഹോളുകളിലും കൊതുകുവല ഇല്ലാത്തതും പൊതുവിലുള്ള പരാതികളാണ്.

പേവാർഡുകളിൽ അറ്റകുറ്റപണികൾ യഥാസമയം ചെയ്യുന്നതിനും, നവീകരിക്കുമ്പോൾ പോരായ്മകൾ പരിഹരിച്ച് ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി നവീകരിച്ച് പേവാർഡുകൾ കൂടുതൽ രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1.11 വരവ് തുക യഥാസമയം ബാങ്കിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നു.

യൂണിറ്റുകളുടെ വരവ് തുകയിൽ നിന്നും അതാത് ദിവസത്തെ റീഫണ്ട് കഴിച്ച് ബാക്കി തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിൽ ഒടുക്കുന്നതിനാണ് യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ഓഡിറ്റ് കാലവളവിൽ ചില യൂണിറ്റുകൾ ഇതിൽ വീഴ്ച വരുത്തുന്നതായി യൂണിറ്റുകളുടെ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടു. (ഉദാ: ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, ഫോർട്ട് താലൂക്ക് ആശുപത്രി, തിരുവനന്തപുരം).

വരവ് തുക യഥാസമയം ഒടുക്കുവരുത്താതെ വൻതുകകൾ അകാരണമായി ദീർഘകാലം കൈവശം സൂക്ഷിക്കുന്നതും തുക പൂർണ്ണമായും ഒടുക്കുവരുത്താത്തതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ഇത് പൊതു പണത്തിന്റെ താൽക്കാലിക അപഹരണമായും കേരള ഫിനാൻഷ്യൽ കോഡ് വാല്യം - 1 ആർട്ടിക്കിൾ 7(2) ന്റെ ലംഘനമായും ഓഡിറ്റ് വിലയിരുത്തുന്നു. യൂണിറ്റുകളിൽ നിലനിൽക്കുന്ന ഈ പ്രവണത ഒഴിവാക്കുന്നതിന് കാഷ്യർമാർക്കും യൂണിറ്റ് മേധാവികൾക്കും കർശന നിർദ്ദേശം നൽകേണ്ടതും തുക ഒടുക്കുന്നതിലെ കൃത്യത മേഖലാ മാനേജർമാർ, യൂണിറ്റുകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ലേ സെക്രട്ടറിമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുന്നു.

## 1.12 സേവനപുസ്തകം കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ.

ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ കൃത്യമായി സേവന പുസ്തകത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്) നം.98/2000/H&FWD തീയതി 22.04.2000 പ്രകാരം സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നില്ല. പകരം താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നവരെ പിന്നീട് സ്ഥിരപ്പെടുത്തുന്ന രീതിയാണ് നിലനിൽക്കുന്നത്. അവരെ സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ സേവനം റഗുലറൈസ് ചെയ്ത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നുമില്ല.

2. ജി.ഒ.(എം.എസ്) നം.200/90/H&FWD തീയതി 01.11.1990 പ്രകാരം പുറപ്പെടുവിച്ച ജീവനക്കാരുടെ സർവ്വീസ് റൂൾസ് 19(i)(ii) പ്രകാരം നേരിട്ടും ബൈടാൻസ്ഫർ മുഖേനയും നിയമിക്കപ്പെടുന്ന ജീവനക്കാർക്കും, സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനങ്ങൾക്കും നിർദ്ദേശിച്ചിട്ടുള്ള പ്രൊബേഷൻ കാലയളവുകൾ പൂർത്തീകരിയ്ക്കണമെന്ന വ്യവസ്ഥകൾ പാലിയ്ക്കാതെ തുടർന്നുള്ള വാർഷിക ഇൻക്രിമെന്റുകൾ നൽകുന്നു.

3. സർക്കാർ ഉത്തരവ് (അച്ചടി) നം.3000/98/ധന തീയതി 25.11.1998 ഖണ്ഡിക 34(എ) പ്രകാരം ആർജ്ജിത അവധി സറണ്ടർ ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (അച്ചടി) നം.328/03/ധന തീയതി 19.06.2003 പ്രകാരം ഒരു സാമ്പത്തിക വർഷം സറണ്ടർ ചെയ്യാവുന്ന ആർജ്ജിത അവധി 10 എണ്ണമായും സർക്കാർ ഉത്തരവ് (അച്ചടി) 297/04/ധന തീയതി 16.06.2004 പ്രകാരം 20 എണ്ണമായും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ 50/06(14)/ധന തീയതി 02.11.2006 പ്രകാരം ആർജ്ജിത അവധി സറണ്ടർ ഒരു സാമ്പത്തിക വർഷം ഒരുതവണ മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടെന്നും, 2006-07 സാമ്പത്തിക വർഷം ഒരിയ്ക്കൽ 20 എണ്ണം സറണ്ടർ ചെയ്തവർക്ക് വീണ്ടും 10 എണ്ണം കൂടി സറണ്ടർ ചെയ്യാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകളുടെയും, സർക്കുലറുകളുടെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി 2004-05, 2006-07 സാമ്പത്തിക വർഷങ്ങളിൽ രണ്ടാമത്തെ 10 വീതം ആർജ്ജിതാവധി കൂടി അനുവദിച്ചിട്ടുണ്ട്. ഈ വീഴ്ച ചൂണ്ടിക്കാട്ടി കത്ത് (നം.കെ.എസ്.എ.കെ.എച്ച്.ആർ.എസ്.3/67/2018 തീയതി 13.04.2018) നൽകിയിരുന്നെങ്കിലും ജീവനക്കാർക്ക് രണ്ടാമത് അനുവദിച്ച ആർജ്ജിതാവധി ഉത്തരവുകൾ റദ്ദാക്കി തുകകൾ തിരികെ ഈടാക്കുകയും, അവധികൾ അക്കൗണ്ടിലേക്ക് റീക്രെഡിറ്റ് ചെയ്യുവാനുള്ള നടപടികളും സ്വീകരിയ്ക്കുന്നില്ല.

4. കാലാകാലങ്ങളിൽ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സമയബന്ധിത ഹയർ ഗ്രേഡുകൾ, ശമ്പളപരിഷ്കരണങ്ങൾ എന്നിവയ്ക്ക് അവർ സമർപ്പിച്ചിട്ടുള്ള ഓപ്ഷൻ ഫോമുകൾ (ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ചത്) ഹാജരാക്കുന്നില്ല. ഇവയോടനുബന്ധിച്ചുള്ള ഫിക്സേഷൻ സ്റ്റേറ്റ്മെന്റുകൾ ശമ്പളനിർണ്ണയം നടത്തുന്ന പേജുകളിൽത്തന്നെ സൂക്ഷിക്കുന്നില്ല. ജീവനക്കാർക്ക് യഥാസമയം ഗ്രേഡുകൾ അനുവദിക്കാത്തതായും കാണുന്നു.

5. കമ്മ്യൂട്ടഡ് അവധികൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അവധികൾ ആർജ്ജിത അവധിക്ക് കണക്കാക്കുന്ന ദിനങ്ങളിൽ നിന്നും കുറവ് വരുത്തുന്നില്ല.

6. സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ എല്ലാം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.
7. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് സർവ്വീസ് റൂൾസ് 55(ബി) പ്രകാരം ജീവനക്കാർക്ക് പരാമാവധി 180 ദിവസത്തെ ആർജ്ജിത അവധിക്ക് മാത്രമേ അർഹതയുള്ളൂ. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ 300 എന്ന പരിധിയിൽ നൽകുന്നു.
8. സേവന പുസ്തകങ്ങളിലെ Part IA - Personal Memoranda, Part B1 - Family Particulars, Part-I (B2-B7 വരെ) രേഖപ്പെടുത്തേണ്ട നോമിനേഷൻ വിവരങ്ങൾ, Part-II B - Foreign Service വിവരങ്ങൾ, Part-IV - Memorandum of Vetification of Service എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.
9. GO (P) No.75/2007/Fin dated 27.02.2007 (Explanatory Note) പ്രകാരം KSR Part-I, Rule 86 ൽ ഭേദഗതി വരുത്തി 3 വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവരുടെ ആദ്യ വർഷ സേവനത്തിന്റെ ആർജ്ജിത അവധി 1/11 നിരക്കിൽ റീകാസ്റ്റ് ചെയ്യാൻ അനുവദിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

ജീവനക്കാരുടെ സേവനപുസ്തകം പരിപാലിക്കുന്നതിൽ വീഴ്ചവരുത്താതെ ശ്രദ്ധിക്കേണ്ടതും തുടർച്ചയായി ചൂണ്ടിക്കാട്ടിയിട്ടുള്ള മേൽ പ്രതിപാദിച്ചിട്ടുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി കൈക്കൊള്ളേണ്ടതുമാണ്.

## 1.13 സർവ്വീസ് റൂളിലെ വ്യവസ്ഥയ്ക്കനുസൃതമായി ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ (CPF) ഫണ്ട് സ്കീം നടപ്പിലാക്കുന്നില്ല.

ജി.ഒ (എം.എസ്) നം.200/1990/H&FWD തീയതി 01.11.1990 പ്രകാരം പുറപ്പെടുവിച്ച സർവ്വീസ് റൂൾ ചട്ടം 31 അനുസരിച്ച് സൊസൈറ്റി ജീവനക്കാർക്ക് സി.പി.എഫ് നടപ്പിലാക്കുമെന്നും ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ ആയതിന് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കുന്നതിനായി സൊസൈറ്റിയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.27/2015-16 തീയതി 29.11.2021) ക്ക് മറുപടി നൽകിയിട്ടില്ല.

സി.പി.എഫ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1.14 വാഹനങ്ങളിൽ ഇന്ധനം നിറച്ചത് - ഇന്ധനക്ഷമതാ സാക്ഷ്യപത്രവും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കുന്നില്ല.

സൊസൈറ്റിയുടെ വാഹനങ്ങളിൽ ഇന്ധനം നിറച്ചതിന് അതാത് വാഹനങ്ങളുടെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം, ലോഗ് ബുക്ക്, ഇന്ധന അക്കൗണ്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനായി ഓഡിറ്റ് റിക്വിസിഷൻ നം.3, 4 എന്നിവ പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇന്ധനക്ഷമതാ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്തതിനാൽ വാഹനങ്ങളുടെ യഥാർത്ഥ ഇന്ധനക്ഷമതയ്ക്ക് അനുസരിച്ചുള്ള ഡീസൽ/പെട്രോൾ ആണോ നിറച്ചിട്ടുള്ളത് എന്ന് ലോഗ് ബുക്കുകൾ/റീജിയണൽ മാനേജർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉൾപ്പെടാത്തതിനാൽ (ആർ.എം. ഓഫീസ്, കണ്ണൂർ ഒഴികെ) ആകെ യാത്ര ചെയ്ത ദൂരം, സ്ഥലം, യാത്ര ചെയ്ത ഉദ്യോഗസ്ഥർ, ആകെ നിറച്ച ഇന്ധനത്തിന്റെ അളവ്, വില സംബന്ധിച്ച വിവരങ്ങൾ എന്നിവയും വ്യക്തമല്ല. ഇന്ധന അക്കൗണ്ട് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ കൃത്യമായി പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം - 2

### 2.1 ഫോർട്ട് താലൂക്ക് ആശുപത്രി, തിരുവനന്തപുരം

ഫോർട്ട് താലൂക്ക് ആശുപത്രി പേവാർഡുകളുടെ 2015-16 മുതൽ 2018-19 വരെയുള്ള വരവ് ഓഡിറ്റിന്മേലുള്ള പ്രസക്തമായ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1. വരവ് തുക യഥാസമയം ബാങ്കിൽ ഒടുക്കുന്നില്ല.**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 7(2) പ്രകാരം ഓരോ ദിവസത്തെയും വരവ് തുകകൾ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ അക്കൗണ്ടിലേയ്ക്ക് ഒടുക്കേണ്ടതുണ്ട്. എന്നാൽ ഓരോ ദിവസത്തെയും വരവ് തുകകൾ (റീഫണ്ട് നൽകുന്നതിനുള്ള തുകകൾ കിഴിച്ച്) കൈയ്യിൽ സൂക്ഷിക്കുകയും ഇടവേളകളിലായി അതിൽ ഒരു ഭാഗം ഒടുക്കുകയും ചെയ്യുന്നതായി ഓഡിറ്റിൽ കണ്ടെത്തി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കാലവളവ് | ആകെ തുക | ഒടുക്കിയ തുക | ബാക്കി തുക |
|---|---|---|---|---|
| 1 | 26.05.17 - 22.06.17 | 68,000 | 63,600 | 4,400 |
| 2 | 16.11.17 - 13.12.17 | 74,200 | 62,200 | 12,000 |
| 3 | 18.07.18 - 10.08.18 | 76,550 | 66,600 | 9,950 |

വരവ് തുകകൾ ഒടുക്കുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.8 തീയതി 25.11.2019) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഒടുക്കു വരുത്താൻ കാലതാമസം ഉണ്ടാക്കി കൈവശം സൂക്ഷിച്ച തുകയുടെ നിജസ്ഥിതി കണ്ടെത്തി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും 12.06.2013 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.282/15/ധന പ്രകാരം 18% പലിശ ഉൾപ്പെടെ തുക ഈടാക്കി സൊസൈറ്റി ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇല്ലായെങ്കിൽ അതാത് കാലയളവിൽ ലേ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ.ബിമൽകുമാർ.എൻ, ലേ സെക്രട്ടറി & ട്രഷറർ, ഡോ.അജയ്മോഹൻ.ജി, സൂപ്രണ്ട് എന്നിവരിൽ നിന്നും ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**2. ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ്, മുൻബാക്കി തുകകളിലെ വ്യത്യാസം - നഷ്ടം 5,900/- രൂപ**

ഓഡിറ്റ് കാലവളവിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ചില ദിവസങ്ങളിലെ നീക്കിയിരിപ്പ് (Closing Balance) അടുത്ത ദിവസങ്ങളിലെ മുൻബാക്കി (Opening Balance) ആയി രേഖപ്പെടുത്തിയതിലെ കുറവ് കാരണം 5,900/-

രൂപ സൊസൈറ്റി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കണ്ടെത്തി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നീക്കിയിരിപ്പ് | | മുൻബാക്കി | | കുറവ് (തുക) |
|---|---|---|---|---|---|
| | തീയതി | തുക | തീയതി | തുക | |
| 1 | 19.12.16 | 15,550 | 20.12.16 | 10,750 | 4,800 |
| 2 | 03.10.17 | 5,650 | 04.10.17 | 4,750 | 900 |
| 3 | 10.07.18 | 23,200 | 11.07.18 | 23,000 | 200 |
| | | | | ആകെ തുക | **5,900** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6 തീയതി 25.11.2019)യ്ക്ക് ലേ സെക്രട്ടറിയോടും സെക്ഷൻ ക്ലർക്കിനോടും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് ആശുപത്രി സൂപ്രണ്ട് 19.04.2021 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ പ്രകാരം കുറവായി അക്കൗണ്ട് ചെയ്ത ഓരോ തുകയും അതാത് തീയതി മുതൽ (20.12.16 മുതൽ 4,800/- രൂപ, 04.10.17 മുതൽ 900/- രൂപ, 11.07.18 മുതൽ 200/- രൂപ) 18% പിഴ പലിശ സഹിതം ലേ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ.ബിമൽകുമാർ.എൻ, ലേ സെക്രട്ടറി & ട്രഷറർ, ശ്രീ.ജി.ഷാജികുമാർ, ലേ സെക്രട്ടറി & ട്രഷറർ, ഡോ.അജയ്മോഹൻ.ജി, സൂപ്രണ്ട് എന്നിവരിൽ നിന്നും ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3. **വാടക ഈടാക്കിയതിൽ കുറവ് - 25,300/- രൂപ നഷ്ടം**

പേവാർഡിന്റെ വിവിധ മുറികൾക്കായി 2018-19 കാലവളവിൽ വാടക ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | റൂം നം | വാടകയ്ക്ക് നൽകിയ വ്യക്തയുടെ പേര് | കാലവളവ് | ദിവ സം | ഈടാക്കേണ്ട തുക (@400/-) | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 1 | രാജൻ.എസ് | 09.09.18 - 16.09.18 | 7 | 2,800 | 2,000 | 800 |
| 2 | 9 | സജ്ന | 10.04.18 - 16.04.18 | 6 | 2,400 | 2,000 | 400 |
| 3 | 10 | ആത്തിക്ക | 04.08.18 - 10.08.18 | 6 | 2,400 | 2,000 | 400 |
| 4 | 12 | അനിൽകുമാർ | 25.06.18 - 03.07.18 | 8 | 3,200 | 2,800 | 400 |
| 5 | 12 | നവീന | 30.07.18 - 06.08.18 | 7 | 2,800 | 2,400 | 400 |
| 6 | 12 | അനന്തു | 29.09.18 - 17.10.18 | 18 | 7,200 | 3,200 | 4,000 |
| 7 | 7 | പരമേശ്വരൻ | 17.06.19 - 24.06.19 | 7 | 2,800 | 2,000 | 800 |
| 8 | 4 | പത്മാവതി | 09.11.18 - 16.11.18 | 7 | 2,800 | 2,400 | 400 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 7 | മുംതാസ് | 14.06.19 - 03.08.19 | 50 | 2,000 | 4,400 | 15,600 |
| 10 | 11 | കണ്ണൻ | 16.07.19 - 25.07.19 | 9 | 3,600 | 3,200 | 400 |
| 11 | 12 | അനസൂയ | 28.11.18 - 07.12.18 | 9 | 3,600 | 3,150 | 450 |
| 12 | 12 | വെങ്കയ്യ സുബ്രഹ്മണ്യൻ | 10.01.19 - 18.03.19 | 67 | 26,800 | 25,550 | 1,250 |
| | | | | | | ആകെ | **25,300** |

ഓഡിറ്റ് എൻക്വയറി നം.5, തീയതി 25.11.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ബന്ധപ്പെട്ട വ്യക്തികളെ അറിയിച്ചിട്ടുണ്ട് എന്നും തുക ഈടാക്കി അടയ്ക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

## 2.2 ജനറൽ ആശുപത്രി, നെയ്യാറ്റിൻകര

നെയ്യാറ്റിൻകര ജനറൽ ആശുപത്രി രേഖകളുടെ 2015-16 മുതൽ 2018-19 വരെയുള്ള വരവ് ഓഡിറ്റ് നോട്ടിന്മേലുള്ള പ്രസക്തമായ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. **വരവ് തുക ക്യാഷ് ബുക്കിൽ ചേർത്തതിൽ വ്യത്യാസം - 17,350/- രൂപ കുറവ്**

ക്യാഷ് ബുക്ക്, രസീതുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ താരതമ്യ പരിശോധനയിൽ വരവ് തുക ക്യാഷ് ബുക്കിൽ ചേർത്ത് ബാങ്കിൽ അടവാക്കിയതിൽ 17,350/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. 14.04.2018 ലെ മുന്നിരിപ്പ് തുക 2,56,152/- രൂപയും അന്നേ ദിവസത്തെ വരവ് തുക 3,275/- രൂപയും ചേർത്ത് 2,59,427/- രൂപയാണ് ക്യാഷ് ബുക്കിൽ ചേർക്കേണ്ടിയിരുന്നത്. എന്നാൽ 2,42,077/- രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. ക്യാഷ് ബുക്കിൽ കുറവായി ചേർത്ത തുക ബാങ്ക് പാസ്ബുക്കിലും കുറവ് വന്നിട്ടുണ്ട്. അതായത് 17,350/- രൂപ വരവിൽ നഷ്ടം വന്നിട്ടുണ്ട്. 26.04.2021 ന് ഓഡിറ്റ് എൻക്വയറി നമ്പർ 7 ലൂടെ ഇത്തരത്തിൽ സംഭവിച്ചതിനുള്ള സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നതിന് പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെടുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ടി കാലയളവിൽ തുക കൈകാര്യം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും 17,350/- രൂപയും സ.ഉ (അച്ചടി) നം.282/13/ഫിൻ തീയതി 12.06.2013 പ്രകാരം പണം തിരിച്ചടയ്ക്കുന്ന ദിവസം വരെയുള്ള പിഴയും (പ്രതിവർഷം 18%) ഈടാക്കേണ്ടതാണ്.

**2. വരവ് തുക അക്കൗണ്ട് ചെയ്തതിലെ അപാകത - നഷ്ടം 7,775/- രൂപ**

പേ വാർഡ് വാടകയിനത്തിലെ വരവ് ക്യാഷ് ബുക്കിൽ അക്കൗണ്ട് ചെയ്യാത്തതിനാലും യഥാർത്ഥ വരവിനെക്കാൾ കുറവായ തുക അക്കൗണ്ട് ചെയ്തതിനാലും 7,775/- രൂപ നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നമ്പർ / തീയതി | രസീത് പ്രകാരം വരവ് | അക്കൗണ്ട് ചെയ്ത വരവ് | കുറവ് |
|---|---|---|---|---|
| 1 | 148292/27.06.2015 | 1,225 | 1,125 | 100 |
| 2 | 1484444/13.07.2015 | 350 | - | 350 |
| 3 | 171017/25.09.2015 | 2,500 | 250 | 2,250 |
| 4 | 171113/06.10.2015 | 525 | - | 525 |
| 5 | 186548/21.11.2015 | 1,225 | 1,125 | 100 |
| 6 | 390056/18.07.2017 | 600 | 500 | 100 |
| 7 | 390492/25.08.2017 | 1,250 | 250 | 1,000 |
| 8 | 412693/03.10.2017 | 2,400 | - | 2,400 |
| 9 | 412745/16.10.2017 | 1,250 | 1,200 | 50 |
| 10 | 469349/25.06.2018 | 900 | - | 900 |
| | | | **ആകെ** | **7,775** |

ഇതു സംബന്ധിച്ച് 26.04.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണം 4, 5 എന്നിവയ്ക്ക് പ്രസ്തുത കാലയളവുകളിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലർക്കുമാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അപാകതകൾ പരിഹരിച്ച് നൽകുന്നതാണെന്നും 28.04.2021 ന് ആശുപത്രി സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വരവ് തുക അക്കൗണ്ട് ചെയ്തതിലെ അപാകത കാരണം നഷ്ടമായ 7,775/ - രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

**3. നീക്കിയിരിപ്പ് കണക്കാക്കിയതിൽ കുറവ് - നഷ്ടം 6,745/-**

ഓഡിറ്റ് കാലയളവിൽ ചില ദിവസങ്ങളിലെ മുൻബാക്കിയോടൊപ്പം (Opening balance) വരവ് തുക ചേർത്ത് നീക്കിയിരിപ്പ് (Closing balance) കണക്കാക്കിയതിലെ അപാകത കാരണം സ്ഥാപനത്തിന് നഷ്ടമുണ്ടായതായി ക്യാഷ് ബുക്ക് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ക്യാഷ് ബുക്കിലെ മുൻ ബാക്കി | വരവ് | ആകെ | ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് | കുറവ് |
|---|---|---|---|---|---|---|
| 1 | 06.12.16 | 30,245 | 7,275 | 37,520 | 37,250 | 270 |
| 2 | 20.12.16 | 30,150 | 1,125 | 31,275 | 29,025 | 2,250 |
| 3 | 26.12.16 | 32,375 | 7,625 | 40,000 | 38,000 | 2,000 |
| 4 | 15.07.17 | 2,650 | 7,425 | 10,075 | 9,575 | 500 |
| 5 | 12.10.17 | 70,575 | 4,250 | 74,825 | 73,700 | 1,125 |
| 6 | 16.01.18 | 3,73,700 | 18,225 | 3,91,925 | 3,91,325 | 600 |
| | | | | | **ആകെ** | **6,745** |

ക്യാഷ് ബുക്ക് പ്രകാരം കുറവ് വന്ന തുക ബാങ്കിൽ ഒടുക്കുവന്നിട്ടില്ലായെന്ന് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിലും കണ്ടെത്തി. ഇത് സംബന്ധിച്ച് 28.04.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണം 10 ന് പ്രസ്തുത അപാകതയ്ക്ക് ടി കാലയളവിലെ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുന്നതാണെന്നും വിശദീകരണം ലഭ്യമായാൽ വ്യക്തമായ മറുപടി സമർപ്പിക്കുന്നതാണെന്നും ആശുപത്രി സൂപ്രണ്ട് 29.04.2021 ന് മറുപടി നൽകിയിട്ടുണ്ട്.

നീക്കിയിരിപ്പ് കണക്കാക്കിയതിലെ കുറവ് കാരണം നഷ്ടമായ 6,745/- രൂപ 18% പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ് അക്കൗണ്ടിൽ ഒടുക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

4. **ക്യാഷ് ബുക്കിൽ കുറവ് വരുത്തിയ തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയില്ല - നഷ്ടം 49,900/- രൂപ**

KFC Vol 1 ആർട്ടിക്കിൾ 7(2) പ്രകാരം അതാത് ദിവസത്തെ വരവ് തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അക്കൗണ്ടിൽ ഒടുക്കണമെന്ന് വ്യവസ്ഥയുണ്ട്. സ്ഥാപനത്തിന്റെ വരവ് തുകകൾ (റീഫണ്ട് നൽകിയതിനു ശേഷമുള്ളത്) തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ അക്കൗണ്ടിലേക്ക് ഒടുക്കാതെ സൂക്ഷിച്ചിരിക്കുന്നതായും നിശ്ചിത ഇടവേളകളിൽ ഭാഗികമായി മാത്രം ബാങ്കിൽ ഒടുക്ക് വരുത്തുന്നതായും പരിശോധനയിൽ വ്യക്തമായി. 11.10.2017 ലെ മുന്നിരിപ്പ് ഉൾപ്പെടെയുള്ള ആകെ വരവായി 1,20,475/- രൂപയിൽ 49,900/- രൂപ അന്നേ ദിവസം ബാങ്കിൽ ഒടുക്കിയതായി കാണിച്ച് നീക്കിയിരുപ്പ് 70,575/- രൂപ രേഖപ്പെടുത്തി ക്യാഷ് ബുക്കിലെ അന്നേ ദിവസത്തെ ഇടപാട് ക്ലോസ് ചെയ്തിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ

49,900/- രൂപ ബാങ്ക് അക്കൗണ്ടിൽ (നം.57021086969) വരവ് വന്നതായി കണ്ടില്ല. നാളിതുവരെയായും ഈ തുക ഒടുക്ക് വരുത്തിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീയതി 28.04.2021) മറുപടിയായി പ്രസ്തുത കാലയളവിൽ KHRWS പേ വാർഡ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുന്നതാണെന്ന് ആശുപത്രി സൂപ്രണ്ട് മറുപടി നൽകിയിട്ടുണ്ട്.

ഇപ്രകാരം പണാപഹരണം നടത്തിയതു വഴി സ്ഥാപനത്തിന് നഷ്ടമായ 49,900/- രൂപ സ.ഉ(അച്ചടി) നം 282/13 തീയതി 12.06.2013 പ്രകാരം 18% പലിശ ഉൾപ്പെട ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി KHRWS ഫണ്ടിൽ ഒടുക്കേണ്ടതാണ്.

**5. വരവ് തുകകൾ യഥാസമയം ബാങ്കിലടയ്ക്കാതെ കൈവശം വച്ചു - താല്ക്കാലിക പണാപഹരണം**

KFC Vol 1 ആർട്ടിക്കിൾ 7(2) പ്രകാരം ഓരോ ദിവസത്തെയും വരവ് തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിനം തന്നെ ബാങ്ക് അക്കൗണ്ടിൽ ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 17.08.2017 മുതൽ 21.05.2018 വരെയുള്ള കാലവളവിൽ 50,000/- രൂപയ്ക്ക് മുകളിൽ 4,00,000/- രൂപ വരെയുള്ള തുകകൾ ദിവസങ്ങളോളം കൈവശം സൂക്ഷിച്ചിരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കാലവളവ് | വരവ് തുക (മുന്നിരിപ്പ് ഉൾപ്പെടെ) | ബാങ്കിൽ അടച്ച തീയതി | തുക | കൈവശം സൂക്ഷിച്ച തുക |
|---|---|---|---|---|---|
| 1 | 17.08.17-30.08.17 | 99,100 | 31.08.17 | 49,000 | 50,100 |
| 2 | 31.08.17-07.09.17 | 71,250 | 08.09.17 | 49,000 | 22,250 |
| 3 | 08.09.17-03.10.17 | 1,75,600 | 04.10.17 | 49,000 | 1,26,600 |
| 4 | 04.10.17-08.10.17 | 1,42,075 | 09.10.17 | 34,000 | 1,08,075 |
| 5 | 09.10.17-10.10.17 | 1,19,225 | 11.10.17 | 49,900 | 69,325 |
| 6 | 11.10.17-20.10.17 | 1,09,225 | 21.10.17 | 49,900 | 59,325 |
| 7 | 21.10.17-13.11.17 | 1,89,425 | 14.11.17 | 26,500 | 1,62,925 |
| 8 | 14.11.17-17.11.17 | 1,83,350 | 18.11.17 | 30,500 | 1,52,850 |
| 9 | 18.11.17-28.11.17 | 2,30,725 | 29.11.17 | 49,500 | 1,81,225 |
| 10 | 29.11.17-13.12.17 | 2,72,325 | 14.12.17 | 18,700 | 2,53,625 |

| | | | | | |
|---|---|---|---|---|---|
| 11 | 14.12.157-31.12.17 | 3,51,650 | 01.01.18 | 9,200 | 3,42,450 |
| 12 | 01.01.18-02.01.18 | 3,52,700 | 03.01.18 | 20,450 | 3,32,250 |
| 13 | 03.01.18-09.01.18 | 3,61,850 | 08.01.18 | 19,400 | 3,42,450 |
| 14 | 08.01.18-09.01.18 | 3,63,665 | 10.01.18 | 21,215 | 3,42,450 |
| 15 | 10.01.18-15.01.18 | 3,73,700 | 16.01.18 | 17,450 | 3,56,250 |
| 16 | 16.01.18 | 3,72,300 | 17.01.18 | 18,105 | 3,54,195 |
| 17 | 17.01.18-18.01.18 | 3,72,640 | 19.01.18 | 10,020 | 3,62,620 |
| 18 | 19.01.18-22.01.18 | 3,85,875 | 23.01.18 | 35,875 | 3,50,000 |
| 19 | 23.01.18 | 3,57,400 | 24.01.18 | 10,910 | 3,46,490 |
| 20 | 24.01.18 | 3,49,965 | 25.01.18 | 11,339 | 3,38,626 |
| 21 | 25.01.18-28.01.18 | 3,57,576 | 29.01.18 | 8,115 | 3,49,461 |
| 22 | 20.01.18-30.01.18 | 3,67,686 | 31.01.18 | 13,625 | 3,54,060 |
| 23 | 31.01.18-02.02.18 | 3,69,961 | 03.02.18 | 15,632 | 3,54,329 |
| 24 | 03.02.18-06.02.18 | 3,87,404 | 07.02.18 | 22,759 | 3,64,645 |
| 25 | 07.02.18 | 3,69,320 | 08.02.18 | 15,000 | 3,54,320 |
| 26 | 08.02.18 | 3,56,345 | 09.02.18 | 2,723 | 3,53,622 |
| 27 | 09.02.18-11.02.18 | 3,65,172 | 12.02.18 | 11,710 | 3,53,462 |
| 28 | 12.02.18-14.02.18 | 3,75,668 | 15.02.18 | 22,306 | 3,53,362 |
| 29 | 15.02.18-19.02.18 | 3,69,427 | 20.02.18 | 16,075 | 3,53,352 |
| 30 | 20.02.18-21.02.18 | 3,65,677 | 22.02.18 | 11,725 | 3,53,952 |
| 31 | 22.02.18 | 3,63,202 | 23.02.18 | 9,850 | 3,53,352 |
| 32 | 23.02.18-25.02.18 | 3,69,352 | 26.02.18 | 16,000 | 3,53,352 |
| 33 | 26.02.18-04.03.18 | 4,16,752 | 05.03.18 | 37,000 | 3,79,752 |
| 34 | 04.03.18-05.03.18 | 3,91,402 | 06.03.18 | 38,075 | 3,53,327 |
| 35 | 06.03.18-08.03.18 | 3,80,527 | 09.03.18 | 27,250 | 3,53,277 |
| 36 | 09.03.18-14.03.18 | 3,90,752 | 15.03.18 | 36,675 | 3,54,077 |
| 37 | 15.03.18-16.03.18 | 3,76,727 | 17.03.18 | 22,150 | 3,54,577 |
| 38 | 17.03.18-20.03.18 | 3,81,777 | 21.03.18 | 27,200 | 3,54,577 |
| 39 | 21.03.18-22.03.18 | 3,69,177 | 23.03.18 | 14,600 | 3,54,577 |
| 40 | 23.03.18-28.03.18 | 3,85,177 | 29.03.18 | 49,000 | 3,36,177 |
| 41 | 29.03.18-30.03.18 | 3,39,052 | 31.03.18 | 49,000 | 2,90,052 |
| 42 | 31.03.18-02.04.18 | 3,09,377 | 03.04.18 | 22,900 | 2,86,477 |

| | | | | | |
|---|---|---|---|---|---|
| 43 | 03.04.18 | 3,03,427 | 04.04.18 | 49,000 | 2,54,427 |
| 44 | 04.04.18 | 2,53,997 | 05.04.18 | 21,200 | 2,32,797 |
| 45 | 05.04.18-10.04.18 | 2,61,827 | 11.04.18 | 10,000 | 2,51,827 |
| 46 | 11.04.18 | 2,56,152 | 12.04.18 | 4,325 | 2,51,827 |
| 47 | 12.04.18-15.04.18 | 2,49,202 | 16.04.18 | 7,600 | 2,41,602 |
| 48 | 16.04.18-20.04.18 | 2,68,127 | 21.04.18 | 19,125 | 2,49,002 |
| 49 | 21.04.18-22.04.18 | 2,52,627 | 23.01.18 | 16,725 | 2,35,902 |
| 50 | 23.04.18-01.05.18 | 2,79,102 | 02.05.18 | 21,100 | 2,58,002 |
| 51 | 02.05.18-08.05.18 | 2,95,302 | 09.05.18 | 19,800 | 2,75,502 |
| 52 | 09.05.18 | 2,78,002 | 10.05.18 | 49,000 | 2,29,002 |
| 53 | 10.05.18-13.05.18 | 2,44,402 | 14.05.18 | 49,900 | 1,94,502 |
| 54 | 14.05.18 | 2,15,227 | 15.05.18 | 30,925 | 1,84,302 |
| 55 | 15.05.18 | 1,89,727 | 16.05.18 | 49,900 | 1,39,827 |
| 56 | 16.05.18 | 1,45,577 | 17.05.18 | 17,000 | 1,28,577 |
| 57 | 17.05.18 | 1,32,602 | 18.05.18 | 8,300 | 1,24,302 |
| 58 | 18.05.18 | 1,32,602 | 19.05.18 | 49,900 | 82,702 |
| 59 | 19.05.18-20.05.18 | 88,002 | 21.05.18 | 49,900 | 38,102 |

26.04.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് ടി കാലവളവിലെ ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെടുന്നതാണെന്ന് ആശുപത്രി സൂപ്രണ്ട് മറുപടി നൽകിയിട്ടുണ്ട്.

ഇത്രത്തോളം തുകകൾ ബാങ്കിലടയ്ക്കാതെ കൈവശം സൂക്ഷിച്ച നടപടി ഗൗരവമേറിയതും താല്കാലിക പണാപഹരണവുമാണ്. ആയതിനാൽ ടി കാലവളവിൽ പണം കൈകാര്യം ചെയ്തിരുന്ന വ്യക്തിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ് (അച്ചടി) നം.282/13/ഫിൻ തീയതി 12.06.2013 പ്രകാരം താൽക്കാലിക പണാപഹരണം നടത്തുന്ന ജീവനക്കാരിൽ നിന്നും 18% പിഴ ഉൾപ്പെടെ തുക ഈടാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൈവശം സൂക്ഷിച്ച തുക, കാലവളവ് എന്നതടിസ്ഥാനമാക്കി 18% പിഴ കണക്കാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ ഫണ്ടിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## ഭാഗം - 3

### 3.1 അച്ചടി മാധ്യമങ്ങളിൽ പരസ്യം നൽകിയത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല - നഷ്ടം 29,596/- രൂപ.

സർക്കാർ സ്ഥാപനങ്ങൾ നേരിട്ടോ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ അച്ചടി മാധ്യമങ്ങളിൽ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് ലഭിക്കണമെന്ന് സർക്കാർ ഉത്തരവ് (സാധ) നം.01/11/ഐ&പി.ആർ.ഡി തീയതി 04.01.2011 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2015-16 വർഷം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് നൽകിയിട്ടുള്ള എല്ലാ പരസ്യങ്ങളും M/s ചക്ര കമ്മ്യൂണിക്കേഷൻസ് എന്ന സ്വകാര്യ ഏജൻസി മുഖേനയാണെന്നും ലഭ്യമാക്കേണ്ട 15% ഡിസ്കൗണ്ടിന് പകരം 7.5% മാത്രമാണ് ലഭിച്ചതെന്നും ഓഡിറ്റിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | ചെക്ക് നം. / തീയതി | പ്രസിദ്ധീകരണം | തുക | ലഭിക്കേണ്ട ഡിസ്കൗണ്ട് (15%) | ലഭിച്ച ഡിസ്കൗണ്ട് (7.5%) | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 566/15-16 | 278194 06.06.2015 | കേരള കൗമുദി | 9,405 | 1,411 | - | 1,411 |
| 2 | 946/15-16 | 431633 24.08.2015 | മാതൃഭൂമി | 28,275 | 4,242 | 2,121 | 2,121 |
| 3 | 1193/15-16 | 730422 30.09.2015 | കേരള കൗമുദി | 4,104 | 616 | 308 | 308 |
| 4 | 1194/15-16 | 730423 30.09.2015 | മാതൃഭൂമി | 7,254 | 1,088 | 544 | 544 |
| 5 | 1222/15-16 | 730443 07.10.2015 | മാതൃഭൂമി | 50,400 | 7,560 | 3,780 | 3,780 |
| 6 | 1223/15-16 | 730444 07.10.2015 | മാതൃഭൂമി | 50,400 | 7,560 | 3,780 | 3,780 |
| 7 | 1225/15-16 | 730446 07.10.2015 | മലയാള മനോരമ | 44,400 | 6,660 | 3,330 | 3,330 |
| 8 | 1558/15-16 | 442591 30.11.2015 | മാതൃഭൂമി, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് | 1,90,960 | 28,644 | 14,322 | 14,322 |
| | | | | | | ആകെ | **29,596** |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണങ്ങൾക്ക് (06/28.09.2021, 13/05.11.2021, 17/19.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണമുള്ള ഡിസ്കൗണ്ട് ലഭിക്കാത്തതിനാൽ ഈയിനത്തിൽ 29,596/- രൂപ അധികം നൽകി. നഷ്ടമായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3.2 കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി കരാറിലേർപ്പെട്ടില്ല - വൈദ്യുതി ചാർജിനൊപ്പം പിഴ ഒടുക്കി - നഷ്ടം 2,45,126/- രൂപ.

കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യു.എസ് യൂണിറ്റിന്റെ (കൺസ്യൂമർ നമ്പർ LCN 29/2929-HT-II) പ്രതിമാസ വൈദ്യുതി ബില്ലിനൊപ്പം പിഴ ഒടുക്കുന്നതായി ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. കെ.എസ്.ഇ.ബി സ്പെഷ്യൽ ഓഫീസർ (റവന്യൂ) നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസുകളിൽ 'Penalty for Non-Exe. Of agmt.' എന്നയിനത്തിലാണ് പിഴ കണക്കാക്കിയിട്ടുള്ളത്. HT ഉപഭോക്താവ് എന്ന നിലയ്ക്ക് കെ.എച്ച്.ആർ.ഡബ്ല്യു.എസ്, കെ.എസ്.ഇ.ബി യുമായി വയ്ക്കേണ്ട കരാർ ഉണ്ടാക്കാത്തതിനാൽ 2011 മുതൽ ഈയിനത്തിൽ പിഴ ഒടുക്കിവരുന്നു. 2015-16 ൽ അടവാക്കിയ പിഴ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | വൗച്ചർ നം. | ചെക്ക് നം. / തീയതി | തുക |
|---|---|---|---|---|
| 1 | 04/2015 | 197/15-16 | 932346/29.04.2015 | 17,782 |
| 2 | 05/2015 | 336/15-16 | 932447/20.05.2015 | 17,782 |
| 3 | 06/2015 | 494/15-16 | 278144/11.06.2015 | 19,201 |
| 4 | 07/2015 | 678/15-16 | 431466/13.07.2015 | 18,413 |
| 5 | 08/2015 | 860/15-16 | 431580/11.08.2015 | 19,727 |
| 6 | 09/2015 | 1071/15-16 | 431715/11.09.2015 | 21,303 |
| 7 | 10/2015 | 1267/15-16 | 730472/13.10.2015 | 21,460 |
| 8 | 11/2015 | 1572/15-16 | 442603/02.12.2015 | 23,671 |
| 9 | 12/2015 | 1692/15-16 | 754877/18.12.2015 | 21,197 |
| 10 | 01/2016 | 1940/15-16 | 755058/27.01.2016 | 22,143 |
| 11 | 02/2016 | 2089/15-16 | 750764/19.02.2016 | 20,725 |
| 12 | 03/2016 | 2316/15-16 | 750923 | 21,722 |
| | | | **ആകെ** | **2,45,126** |

ഇത് സംബന്ധിച്ച് 03.11.2011 ന് മാനേജിംഗ് ഡയറക്ടർക്ക് നൽകിയ ഓഡിറ്റ് അന്വേഷണം 10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതേ വിഷയം കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ 2011-12 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ

പ്രതിപാദിച്ചിട്ടുണ്ടെങ്കിലും തൽസ്ഥിതി തുടരുന്നതായാണ് കാണുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിൽ മേഖലാ മാനേജരുടെ കാര്യാലയവും ആസ്ഥാന കാര്യാലയത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുമ്പോഴാണ് വൈദ്യുതി ബോർഡുമായി നിയമാനുസൃതമായ കരാർ വയ്ക്കാതെ ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ പിഴ ഒടുക്കി സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നത്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സ്ഥാപന മേധാവിയുടെയും ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് കാലയളവിൽ പിഴ ഇനത്തിൽ ഒടുക്കിയ 2,45,126/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

## 3.3 വൈദ്യുതി ചാർജ് കുടിശ്ശിക - അധികം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല - 1,84,584/- രൂപ നഷ്ടം.

കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ അധീനതയിലുള്ള 5 സ്ഥാപനങ്ങളുടെ (കൺസ്യൂമർ നം.8757, 3594, 10151, 4742, 3020) വൈദ്യുതി ചാർജ് കുടിശ്ശിക പിഴപ്പലിശ 1.37 കോടി രൂപ ഉൾപ്പെടെ 472.03 ലക്ഷം രൂപ അടവാക്കാനുണ്ടായിരുന്നു. എന്നാൽ 473.88 ലക്ഷം രൂപ 16 ഗഡുക്കളായി അടവാക്കിയിരുന്നു. കൺസ്യൂമർ നം.10151 ൽ 1,24,984/- രൂപയും, കൺസ്യൂമർ നം.4742 ൽ 59,600/- രൂപയും അധികമായി അടച്ചിരുന്നു. കെ.എസ്.ഇ.ബി.യിൽ അധികമായി അടച്ച 1,84,584/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് മുൻ റിപ്പോർട്ടിൽ പരാമർശം ഉൾപ്പെടുത്തിയിരുന്നു. ഓഡിറ്റ് എൻക്വയറി 11/05.11.2021 പ്രകാരം അധികം അടച്ച തുക കെ.എസ്.ഇ.ബി യിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന് ചോദിച്ചിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വൈദ്യുതി ചാർജ് കുടിശ്ശികയുടെ 16 ഗഡുക്കളിൽ 2015-16 വർഷത്തിൽ അടവാക്കിയ 12 ഗഡുക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 79 മുതൽ 83 വരെ 18.04.2015 | 30,59,500 |
| 2 | 319 മുതൽ 323 വരെ 18.05.2013 | 30,59,500 |
| 3 | 537 മുതൽ 541 വരെ 18.06.2015 | 30,59,500 |
| 4 | 722 മുതൽ 726 വരെ 17.07.2015 | 30,59,500 |
| 5 | 907 മുതൽ 910 വരെ 13.08.2015<br>928/20.08.2015 | 30,58,500 |
| 6 | 1085 മുതൽ 1088 വരെ 14.09.2015 | 30,00,000 |

| | | |
|---|---|---|
| 7 | 1287 മുതൽ 1290 വരെ 15.10.2015 | 30,00,000 |
| 8 | 1481 മുതൽ 1484 വരെ 21.11.2015 | 30,00,000 |
| 9 | 1667 മുതൽ 1670 വരെ 16.12.2015 | 30,00,000 |
| 10 | 1835 മുതൽ 1838 വരെ 16.01.2016 | 30,00,000 |
| 11 | 2015 മുതൽ 2018 വരെ 11.02.2016 | 30,00,000 |
| 12 | 2226 മുതൽ 2229 വരെ 16.03.2016 | 30,00,000 |

(ഒരു ഗഡു 2014-15 ലും 3 ഗഡുക്കൾ 2016-17 ലും അടച്ചിട്ടുണ്ട്)

അധികം അടവാക്കിയ 1,84,584/- രൂപ തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ ടി തുക വ്യക്തമായ നഷ്ടമായ കണക്കാക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3.4 ആദായനികുതി ഈടാക്കിയതിൽ കുറവ് - നഷ്ടം 60,480/- രൂപ

ഇൻകംടാക്സ് ആക്ട് 1961 സെക്ഷൻ - 194 C പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരുടെ വർക്ക് ബില്ലിൽ നിന്നും 2% ടാക്സ് ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ M/s മെറിഡിയൻ കോൺട്രാക്ടേഴ്സ് & എഞ്ചിനിയേഴ്സ് എന്ന സ്ഥാപനത്തിന് കരാർ നൽകിയ പ്രവർത്തിയുടെ വർക്ക് ബില്ലിൽ നിന്നും 1% ടാക്സ് മാത്രമേ ഈടാക്കിയിട്ടുള്ളൂ. ആയതിനാൽ മേൽ സ്ഥാപനത്തിന് 60,480/-രൂപ അധികം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവർത്തിയുടെ പേര് | തിരുവനന്തപുരം ഗവൺമെന്റ് ഫോർട്ട് ആശുപത്രിയിൽ പേ വാർഡ് നിർമ്മാണം (ഫയൽ നം.ഡി.ബി.2-2008/2012-13) |
| അടങ്കൽ തുക | 69,47,575/- (അംഗീകരിച്ച പി.എ.സി) |
| എഗ്രിമെന്റ് നം. | 5/2013-14, 05.03.2013 |
| എം.ബുക്ക് നം. | 85/2013 |
| ആകെ പ്രവൃത്തി മൂല്യം | 60,47,988/- (ടെണ്ടർ കുറവ് വരുത്തിയ തുക) |
| ചെലവ് തുക (III & ഫൈനൽ ബിൽ) | 18,91,828/- (ചെക്ക് നം.886033/13.05.2015) |
| ഇൻകംടാക്സ് തുക കുറവ് വരുത്തിയത് | 60,480/- രൂപ (60,47,988/- ന്റെ 1%) |
| ഇൻകംടാക്സ് ഇനത്തിൽ കുറവ് വരുത്തേണ്ട തുക | 60,47,988/- ന്റെ 2% = 1,20,960/- രൂപ |
| അധികം നൽകിയ തുക | 1,20,960 - 60,480 = 60,480/- രൂപ |

അധികം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ (അസി.എക്സി. എഞ്ചിനീയർ) നിന്നും ഈടാക്കി കേന്ദ്ര സർക്കാരിന്റെ ആദായ നികുതി വകുപ്പിൽ ഒടുക്കു വരുത്തേണ്ടതാണ്(ഓഡിറ്റ്എൻക്വയറിനം.20/18.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3.5 കരാർ വയ്ക്കുന്നതിന് കാലതാമസം - നിയമാനുസൃതമായി പിഴ ഈടാക്കിയിട്ടില്ല - നഷ്ടം 1,38,877/- രൂപ.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ.(പി) നം.13/2012/PWD തീയതി 01.02.2012) പാർട്ട് II സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തീയതി ആയത് കൈപ്പറ്റിയ തീയതിയായി കണക്കാക്കുമെന്നും, സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കണമെന്ന് നോട്ടീസിൽ വ്യക്തമാക്കണമെന്നും, ടി 14 ദിവസത്തിനു ശേഷം 10 ദിവസം കൂടി കരാർ വയ്ക്കാൻ അനുവദിക്കാമെന്ന് ഈ അവസരത്തിൽ പി.എ.സി യുടെ 1% തുക പിഴ (മിനിമം 1,000/- രൂപ - മാക്സിമം 25,000/- രൂപ) ഈടാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി 24 ദിവസത്തിനുള്ളിൽ കരാർ വച്ചില്ലെങ്കിൽ ടിയാളെ കരാറിൽ നിന്നും ഒഴിവാക്കി ഇ.എം.ഡി കണ്ടുകെട്ടണമെന്നും വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിലുള്ള നിബന്ധന മിക്ക പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല. നിയമാനുസൃതമായ പിഴ ഈടാക്കാതെ കരാർ ചമച്ചതുമൂലം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ന് 1,38,877/- രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ / കൈപ്പറ്റിയ തുക / ചെക്ക് നം. | പി.എ.സി തുക (രൂപ) | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി / എഗ്രിമെന്റ് വയ്ക്കേണ്ട തീയതി | എഗ്രിമെന്റ് വച്ച തീയതി / പിഴ തുക |
|---|---|---|---|---|---|
| 1 | മെയിന്റനൻസ് - പേവാർഡ് മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-414/14) | ശ്രീ.പി.അജിത്ത് കുമാർ 11,45,531/- (886054/09.06.15) | 11,55,849 | 22.03.2014 06.04.2014 | 11.04.2014 11,558/- |
| 2 | പേവാർഡ് - എസ്.എ.റ്റി, തിരുവനന്തപുരം (DB2-2461/14) | ശ്രീ.ജി.ശിവൻകുട്ടി 35,70,495/- (II$^{nd}$ and Final Bill) (391124/07.12.15) | 69,00,865 | 12.03.2015 26.03.2015 | 07.04.2015 25,000/- |
| 3 | പേവാർഡ് - താലൂക്ക് ആശുപത്രി, പെരുമ്പാവൂർ (DB2-2726/14) | ശ്രീ. എം.പി.സാൽബി 8,07,719/- (391103/14.10.15) | 8,71,168 | 19.01.2015 03.02.2015 | 03.03.2015 8,712/- |
| 4 | പേവാർഡ് - ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | ശ്രീ.പി.വി.ജോബ് 7,33,716/- (886021/17.04.15) | 7,28,118 | 22.11.2014 06.12.2014 | 16.12.2014 7,281/- |

| | | | | | |
|---|---|---|---|---|---|
| | (DB2-2432/14) | | | | |
| 5 | പേവാർഡ് (ജനത) മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-701/14) | ശ്രീ.ബിജു.പി.വി 35,42,671/- (886008/07.03.15) | 34,17,472 | 26.03.2014 10.04.2014 | 22.04.2014 25,000/- |
| 6 | പേവാർഡ് - ജില്ലാ ആശുപത്രി, കണ്ണൂർ (DB2-1386/14) | ശ്രീ.ബിജു.പി.വി 21,80,284/- 886098/25.08.15 | 23,54,921 | 26.03.2014 10.04.2014 | 22.04.2014 23,549/- |
| 7 | പഞ്ചകർമ്മ ആയുർവേദ ആശുപത്രി - പേവാർഡ് നിർമ്മാണം, പൂജപ്പുര (DB2-3325/13) | ശ്രീ.ആസിഫ് കലാം 44,24,314/- (Ist and Part Bill) (391155/03.03.16) | 4,33,08,926 | 24.08.2015 08.09.2015 | 26.09.2015 25,000/- |
| 8 | പേവാർഡ് - താലൂക്ക് ആശുപത്രി, പാലക്കാട് (DB2-2994/14) | ശ്രീ. ഷെനിത്ത്.പി.കെ 6,84,073/- (886084/04.08.15) | 7,08,288 | 04.02.2015 18.02.2015 | 24.02.2015 7,083/- |
| 9 | പേവാർഡ് താലൂക്ക് ആശുപത്രി, മൂവാറ്റുപുഴ (DB2-2460/14) | ശ്രീ. എം.ബി.സാൽബി 6,12,369/- (886088/07.08.15) | 5,69,400 | 17.12.2014 31.12.2014 | 19.01.2015 5,694/- |
| | | | | ആകെ തുക | 1,38,877 |

1,38,877/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഫണ്ടിൽ ഒടുക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി21/22.11.2021 ന് മറുപടി ലഭ്യമാക്കിയില്ല).

## 3.6 കേരള പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നു - ലഭിക്കേണ്ട പിഴ - നഷ്ടം 6,48,854/- രൂപ

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) നം.13/2012/PWD തീയതി 01.02.2012 പാർട്ട് II സെക്ഷൻ 2112.1 പ്രകാരം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ

ഭാഗീകമായോ കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ആദ്യ തവണ പി.എ.സി യുടെ 1% (മിനിമം 1,000/-, മാക്സിമം 50,000/-) വും ശേഷം പി.എ.സി യുടെ 2% ഉം (മിനിമം 2,000/-, മാക്സിമം 1 ലക്ഷം) പിഴയായി ഈടാക്കണം (ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% - പരമാവധി 6 മാസം). എന്നാൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ന്റെ മിക്ക പ്രവർത്തികളും ഈ നിബന്ധനകൾ പാലിക്കുന്നില്ല. കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിന്റെ 50% മാത്രം പരമാവധി ദീർഘിപ്പിച്ച നൽകാമെന്നിരിക്കെ 200% വരെ സമയം ദീർഘിപ്പിച്ച നൽകുകയും ആയതിന് പിഴ ഈടാക്കാതിരിക്കുകയും ചെയ്യുന്നു.

പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (നിയമാനുസൃതമായി സമയം ദീർഘിപ്പിച്ച നൽകിയാൽ ഈടാക്കേണ്ട പിഴ തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്).

| ക്രമ നം. | പ്രവർത്തിയുടെ പേര് | കരാറുകാരൻ / എം.ബുക്ക് നം. / കൈപ്പറ്റിയ തുക (ചെക്ക് നം) | പി.എ.സി തുക (രൂപ) | എഗ്രിമെന്റ് നം. / പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി (നിയമാനുസൃതമായ പിഴ) |
|---|---|---|---|---|---|
| 1 | പേവാർഡ് - മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-414/14) | ശ്രീ.പി.അജിത്ത് കുമാർ 249/14 11,45,531/- (886054/09.06.15) | 11,55,849 | 5/11.04.14 11.08.14 | 09.06.15 34,675/- 3% PAC) 500/- രൂപ ഈടാക്കിയിട്ടുണ്ട് |
| 2 | പേവാർഡ് - (ജനത) മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-701/14) | ശ്രീ.ബിജു.പി.വി 255/2014 35,42,671/- (886008/17.03.15) | 34,17,472 | 22/22.04.14 22.08.14 | 19.12.14 1,02,524/- (ഈടാക്കിയത് 5,000/- രൂപ) |
| 3 | ഡീലക്സ് പേവാർഡ് എസ്.എ.ടി തിരുവനന്തപുരം (DB2-2461/14) | ശ്രീ.ജി.ശിവൻകുട്ടി നായർ 308/2015 31,51,242/- 886086/06.08.15 35,70,495/- (391124/07.12.15) | 69,00,865 | 1/07.04.15 06.07.15 | 30.09.15 1,50,000/- (മാക്സിമം) |
| 4 | പേവാർഡ് താലൂക്ക് ആശുപത്രി, പെരുമ്പാവൂർ (DB2-2726/14) | ശ്രീ. എം.പി.സാൽബി 275/14 8,07,719/- (391103/14.10.15) | 8,71,168 | 49/03.03.15 03.05.15 | 30.09.15 26,135/- (3% PAC) |
| 5 | പേവാർഡ് | M/s മെറിഡിയൻ | 69,47,575 | 5/05.03.13 | 23.04.15 |

| | | | | | |
|---|---|---|---|---|---|
| | ഫോർട്ട് ആശുപത്രി, തിരുവനന്തപുരം (DB2-2008/13) | കോൺട്രാക്ടേഴ്സ് & എഞ്ചിനിയേഴ്സ് 85/2013 18,91,828/- (886033/13.05.15) (III & Final Bill) | | 05.12.13 | 1,50,000/- (3% മാക്സിമം) |
| 6 | പേവാർഡ് ജില്ലാ ആശുപത്രി, കണ്ണൂർ (DB2-1386/14) | ശ്രീ.പി.വി.ബിജു 150/14 21,80,284/- (886098/25.08.15) | 23,54,921 | 7/22.04.14 21.08.14 | 30.05.15 70,648/- (3% PAC) ഈടാക്കിയത് 2,500/- രൂപ മാത്രം |
| 7 | കാരുണ്യ ഡയാലിസിസ് സെന്റർ, മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-2716/12) | ശ്രീ.പി.വി.ബിജു 104/13, 254/14 2,65,199/- (886099/25.08.15) (II & Last Bill) | 16,37,203 | 2/02.04.13 02.05.13 | 22.11.14 49,116/- (3% PAC) |
| 8 | എ.സി.ആർ ലാബ് മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-668/15) | ശ്രീ.എൻ.പി.ലാൽ 18/2015 4,42,436/- (391154/01.03.16) | 4,79,578 | 8/15.06.15 22.08.15 | 25.11.15 14,387/- (3% PAC) |
| 9 | പേവാർഡ് താലൂക്ക് ആശുപത്രി, പുനലൂർ (DB2-2691/14) | ശ്രീ.എസ്. സന്തോഷ്കുമാർ 314/2015 5,48,503/- (886095/21.08.15) | 7,73,785 | 29/05.12.14 14.03.15 | 09.07.15 23,214/- (3% PAC) |
| 10 | പേവാർഡ് താലൂക്ക് ആശുപത്രി, തിരൂരങ്ങാടി (DB2-439/15) | ശ്രീ. പി.കെ.ശ്രീനിത്ത് 19/2015 10,28,587/- (391121/25.11.15) | 10,38,504 | 9/24.06.15 31.08.15 | 30.10.15 31,155/- (3% PAC) |
| | | | | **ആകെ ലഭിക്കേണ്ട പിഴ** | **6,48,854** |

22.11.2021ന് ഓഡിറ്റ് എൻക്വയറി നം.21/15-16 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് ചട്ടം അനുസരിക്കാതെ പദ്ധതി നടപ്പാക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതും, പിഴ ഇനത്തിൽ ലഭിക്കേണ്ടതായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 3.7 ആർജിതാവധി ടെർമിനൽ സറണ്ടർ - അനുവദനീയമായതിലും അധികം തുക നൽകി - 10,16,566/- രൂപ നഷ്ടം.

ജി.ഒ (എം.എസ്) നം.200/90/H&FWD തീയതി 01.11.90 സർവ്വീസ് റൂൾ ചട്ടം 55(ബി) അനുസരിച്ച് ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ ശേഖരിച്ചു വയ്ക്കാവുന്ന പരമാവധി അവധികളുടെ എണ്ണം 180 ദിവസമാണ്. 180 ദിവസത്തിൽ കൂടുതൽ ആർജ്ജിതാവധി വിരമിയ്ക്കുമ്പോൾ സറണ്ടർ അനുവദിച്ച തുകകൾ, മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സത്തിൽ വെയ്ക്കുകയും തുടർ നടപടികളെടുക്കാൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് മാനേജിംഗ് ഡയറക്ടറോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ നാളിതുവരെ ഒരു തുടർ നടപടികളും എടുക്കാത്തതിനാൽ നിയമവിരുദ്ധമായി നൽകിയ തുക തിരിച്ചടയ്ക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Voucher No | Cheque No & Date | Name & Designation of the Employees | Total No of TSEL sanctioned (Days) | Gross amount paid (Rs) | Eligible amount (Rs) | Excess amount paid (Rs) |
|---|---|---|---|---|---|---|---|
| 1 | 10 | 656533 04.04.15 | Smt.Pushpa, Cleaning Supervisor | 300 | 2,88,420 | 1,73,052 | 1,15,368 |
| 2 | 23 | 656545 07.04.15 | Smt.C.C.Mariyamma, PWA | 244 | 2,17,843 | 1,60,703 | 57,140 |
| 3 | 838 | 431567 07.08.15 | Smt.K.P.Radha, PWA | 244 | 2,24,598 | 1,64,340 | 60,258 |
| 4 | 1197 | 730425 01.10.15 | Smt.K.Kumari, Cleaning Supervisor | 269 | 3,20,074 | 2,15,616 | 1,04,458 |
| 5 | 1768 | 754930 01.01.16 | Sri.K.Veluswamy, PWK, Gr-II | 276 | 4,14,810 | 2,70,528 | 1,44,282 |
| 6 | 1769 | 754931 01.01.15 | Smt.D.Suneetha Typist | 244 | 3,78,639 | 2,79,324 | 99,315 |
| 7 | 1966 | - | Smt.J.Nirmala Kumari, Cleaner | 300 | 3,29,880 | 1,97,928 | 1,31,952 |
| 8 | 1967 | - | Sri.N.Lakshmanan, Cleaner | 281 | 2,93,355 | 1,87,914 | 1,05,441 |
| 9 | 2127 | - | Sri.K.Kumaran Nair, Technician | 300 | 4,95,880 | 2,97,528 | 1,98,352 |
| | | | | | | **Total** | **10,16,566** |

സർവ്വീസ് റൂളിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കൂടുതലായി അനുവദിച്ച തുകകൾ ജി.ഒ (പി) നം.282/2013/ഫിൻ തീയതി 12.06.2013 ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് തുക അനുവദിച്ച മാനേജിംഗ് ഡയറക്ടറിൽ നിന്നും ഈടാക്കി സൊസൈറ്റി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3.8 സിവിൽ വർക്കുകൾ ചെയ്തതിന് കൂടുതൽ തുക നൽകി നഷ്ടം 29,775/- രൂപ

വിവിധ സിവിൽ വർക്കുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ ചെയ്ത പ്രവർത്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രവർത്തിയുടെ പേര് - Preventing Leakage to KHRWS Payward Rooms at Taluk Head Quarter Hospital, Kottarakkara

| | |
|---|---|
| വൗച്ചർ നം. | 1637/2015-16 |
| ചെക്ക് നം. | 391125 തീയതി 11.12.2015 |
| ഉത്തരവ് നം. | DB2/1218/15/KHRWS Dated 20.10.2015 |
| കോൺട്രാക്ടർ | ശ്രീ.യു.ഹരികുമാർ |
| എം.ബുക്ക് നം. | 330/2010 |
| പി.എ.സി | 2,40,928/- രൂപ |
| വൗച്ചർ പ്രകാരമുള്ള ആകെ ബിൽ തുക | 2,34,333/- രൂപ |
| നികുതികളും മറ്റ് കിഴിവുകളും | 25,816/- രൂപ |
| ബാക്കി നൽകിയ തുക | 2,08,517/- രൂപ |
| ചെയ്ത പ്രവർത്തിയുടെ മൂല്യം (ബിൽ പ്രകാരം) | 2,14,993/- രൂപ |
| നികുതികളും മറ്റ് കിഴിവുകളും കുറവ് വരുത്തേണ്ടത് | 23,650/- രൂപ |
| കൂടുതലായി നൽകിയ തുക | 17,174/- രൂപ |
| കൂടുതലായി ഒടുക്കുവരുത്തിയ നികുതികളും മറ്റ് കിഴിവുകളും | 2,166/- രൂപ |
| **ആകെ** | **19,340/- രൂപ** |

2. Maintenance and Special repairs of Payward attached to Medical College Hospital, Kozhikode

| | |
|---|---|
| ചെക്ക് നം | 886054 തീയതി 09.06.2015 |

| | |
|---|---|
| ഉത്തരവ് നം | DB2/414/14/KHRWS |
| കോൺട്രാക്ടർ | ശ്രീ.പി.അജിത്കുമാർ |
| എസ്റ്റിമേറ്റ് പി.എ.സി | 10,05,086/- രൂപ |
| Agreed PAC | 11,55,849/- രൂപ (15% above the estimate PAC) |
| M.Book No | 294/14 |
| വൗച്ചർ പ്രകാരമുള്ള ബിൽ തുക | 10,60,623/- രൂപ |
| Tender excess | 1,59,093/- രൂപ |
| നൽകിയ തുക | 11,45,531/- രൂപ |
| ചെയ്ത പ്രവർത്തിയുടെ ആകെ മൂല്യം (ബിൽ പ്രകാരമുള്ളത്) | 10,50,967/- രൂപ |
| Tender Excess 15% | 1,57,645/- രൂപ |
| ആകെ തുക | 12,08,612/- രൂപ |
| നികുതികളും മറ്റ് കിഴിവുകളും | 74,186/- രൂപ |
| കൂടുതലായി നൽകിയ തുക | 10,435/- രൂപ |
| ആകെ തുക | 17,174+10,435 = 27,609/- രൂപ |
| മേൽ പ്രകാരം കൂടുതലായി അനുവദിച്ച തുക | 27,609/- രൂപ |

- ആകെ തുക = 19,340 + 10,435 =29,775/-
- മേൽ I, II എന്നിവ പ്രകാരം കൂടുതലായി അനുവദിച്ച തുക 29,775/-

ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥൻ (പേരും, ഉദ്യോഗപ്പേരുമുള്ള സീൽ ബില്ലിൽ പതിപ്പിച്ചിട്ടില്ല). പാസാക്കി അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി സൊസൈറ്റി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3.9 പൂർത്തീകരണ കാലാവധി - ദീർഘിപ്പിക്കൽ പിഴ ഈടാക്കിയില്ല - നഷ്ടം 68,542/- രൂപ.

കേരള പി.ഡബ്ല്യു.ഡി മാന്വൽ (ജി.ഒ (പി) നം.13/2012/പി.ഡബ്ല്യു.ഡി തീയതി 01.02.2012, പാർട്ട്-II സെക്ഷൻ-2112.1) പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് നിയമാനുസൃതമായി കരാർ ഉടമ്പടി വ്യവസ്ഥ ചെയ്ത സമയത്തിന്റെ പരമാവധി 25% ഒറ്റത്തവണയ്ക്ക് പി.എ.സി തുകയുടെ 1% പിഴയും ശേഷം പി.എ.സി യുടെ 2% തുക പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആയതു പാലിക്കാതെ കാലാവധി ദീർഘിപ്പിച്ച നൽകുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ / എം.ബുക്ക് / കൈപ്പറ്റ് തുക | പി.എ.സി തുക | എഗ്രിമെന്റ് നം / പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി / ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|
| 1 | ജനതാ പേവാർഡ് മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-91/2015) | ശ്രീ.പി.കെ.ഷെനിത്ത് 272/14 9,25,570/- (391100/13.10.15) | 10,90,279 | 53/27.03.15 06.07.15 | 08.09.15 32,708/- (3% PAC) |
| 2 | പേവാർഡ് താലൂക്ക് ആശുപത്രി മാവാറ്റുപുഴ (DB2-2460/14) | ശ്രീ.എം.ബി.സാൽബി 273/14, 140/14 6,12,369/- (886088/07.08.15) | 5,69,400 | 39/19.01.15 02.05.15 | 31.07.15 17,082/- (3% PAC) |
| 3 | പേവാർഡ് ജനറൽ ആശുപത്രി, പത്തനംതിട്ട (DB2-3307/15) | ശ്രീ.എം.രാജശേഖരൻ നായർ 79/12 5,28,319/- (391096/01.10.15) | 6,25,053 | 42/04.02.15 25.06.15 | 15.08.15 18,752/- (3% PAC) |
| | | | | ആകെ | **68,542** |

22.11.2021 ലെ ഓഡിറ്റ് എൻക്വയറി 21/15-16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കാത്തതുമൂലം ഉണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3.10 ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പള നിക്കവറി ഒടുക്ക് രേഖകൾ ഹാജരാക്കിയില്ല - 14,67,236/- രൂപ തടസ്സം.

2015-16 കാലവളവിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ ശമ്പളത്തില നിന്നും റിക്കവറി ചെയ്ത് GPF, GIS, SLI മുതലായ ഫണ്ടുകളിൽ ഒടുക്കിയതിന്റെ ചെല്ലാൻ/രസീത് എന്നിവയുടെ പകർപ്പുകൾ ചെലവ് വൗച്ചറുകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം. തീയതി | തുക | ചെലവ് വിവരം |
|---|---|---|---|---|
| 1 | 17/15-16 | 656541/07.04.15 | 45,424 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 03/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 2 | 18/15-16 | 656542/07.04.15 | 47,692 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 03/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 3 | 205/15-16 | 932353/04.05.15 | 47,692 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 04/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 4 | 206/15-16 | 932354/04.05.15 | 34,154 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 04/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 5 | 406/15-16 | 932484/02.06.15 | 47,692 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 05/15 ലെ |

| | | | | |
|---|---|---|---|---|
| | | | | ശമ്പള റിക്കവറി ഒടുക്ക് |
| 6 | 411/15-16 | 932485/02.06.15 | 71,178 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 05/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 7 | 614/15-16 | 278222/01.07.15 | 63,166 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 06/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 8 | 617/15-16 | 278225/01.07.15 | 47,692 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 06/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 9 | 808/15-16 | 431555/03.08.15 | 59,407 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 07/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 10 | 809/15-16 | 431556/03.08.15 | 47,692 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 07/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 11 | 992/15-16 | 431664/01.09.15 | 94,109 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 08/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 12 | 993/15-16 | 431665/01.09.15 | 48,019 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 08/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 13 | 1215/15-16 | 730436/06.10.15 | 48,019 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 09/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 14 | 1216/15-16 | 730437/06.10.15 | 75,074 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 09/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 15 | 1396/15-16 | 730569/03.11.15 | 75,074 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 10/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 16 | 1397/15-16 | 730570/03.11.15 | 48,019 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 10/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 17 | 1565/15-16 | 442596/02.12.15 | 89,346 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 11/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 18 | 1566/15-16 | 442597/02.12.15 | 48,252 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 11/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 19 | 1776/15-16 | 754937/06.01.16 | 89,566 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 11/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 20 | 1777/15-16 | 754938/06.01.16 | 48,973 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 12/15 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 21 | 1979/15-16 | 755088/05.02.16 | 48,873 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 01/16 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 22 | 1981/15-16 | 755090/05.02.16 | 94,366 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 01/16 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 23 | 2196/15-16 | 750840/09.03.16 | 48,873 | ശ്രീ.കെ.ആർ.ഹരീന്ദ്രകുമാറിന്റെ 02/16 ലെ ശമ്പള റിക്കവറി ഒടുക്ക് |
| 24 | 2197/15-16 | 750841/09.03.16 | 98,884 | ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ 02/16 ലെ ശമ്പള റിക്കവറി ഒടുക്ക് |
| | | ആകെ | **14,67,236** | |

തുക ഒടുക്ക് രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 17.11.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണം 18 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ ചെലവുകളുടെ ആധികാരികത ഓഡിറ്റിന് ഉറപ്പാക്കാനായില്ല. രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവായ 14,67,236/- രൂപ തടസ്സപ്പെടുത്തുന്നു.

## 3.11 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങലുകൾ - സ്റ്റോർ പർച്ചേസ് നിയമം പാലിക്കുന്നില്ല-4,77,133/- രൂപ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ജി.ഒ (പി) നം.3/2013/SPD തീയതി 21.06.2013 പ്രകാരം പുറപ്പെടുവിച്ച കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 9.22 പ്രകാരം സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ എന്നിവയുടെ ഉല്പന്നങ്ങൾ ആയവ ഉത്പാദിപ്പിക്കുവാൻ ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാമെന്നും, അല്ലെങ്കിൽ ടെണ്ടർ ക്ഷണിക്കണമെന്നും 9.24 പ്രകാരം വാങ്ങുന്ന സാധനം സർക്കാർ സ്ഥാപനം തന്നെ ഉത്പാദിപ്പിച്ചതാണെന്നും, 9.46 പ്രകാരം കരാറിലേർപ്പെടുന്നതിന് മുമ്പ് ഏറ്റവും കുറഞ്ഞ വില ഉറപ്പാക്കണമെന്നും ആയതിനായി ഖണ്ഡിക 9.47 ലെ നിബന്ധനകൾ പാലിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വിവിധ സാധനങ്ങൾ വാങ്ങിയതിൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. **സിഡ്കോ**

   1975 നവംബറിൽ പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം ഫർണിച്ചർ സാധനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നില്ല. എന്നാൽ തിരൂരങ്ങാടി THQH പേവാർഡിൽ ഉപയോഗിക്കുന്നതായി ചുവടെ പറയുന്നവ ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് വാങ്ങിയിരിക്കുന്നു (വൗച്ചർ നം.1243, ചെക്ക് നം.730459/ 12.10.2015)

| ക്രമ നം | വാങ്ങിയ ഫർണിച്ചറുകളുടെ വിവരം | എണ്ണം | ആകെ വില |
|---|---|---|---|
| 1 | Teakwood Bench with back rest curved | 12 | 86,400 |
| 2 | Teakwood single drawer table | 12 | 1,13,964 |
| 3 | Steel cabinet with Locker (4 shelves) | 1 | 9,399 |
| 4 | Fibre arm chair (Nilkamal) | 13 | 7,384 |
| | | തുക | 2,17,147 |
| | | VAT 14.5% | 31,486 |
| | | **ആകെ തുക** | **2,48,633** |

ഇവയുടെ ഗുണ നിലവാരം, ക്രമ നം 1, 2 എന്നിവയിലെ ഉൽപ്പന്നങ്ങൾ തേക്കിന്റെ തടി കൊണ്ട് തന്നെ നിർമ്മിച്ചതാണെന്ന് ബന്ധപ്പെട്ട അധികാര സ്ഥാപനത്തിൽ നിന്നും ലഭിച്ച പരിശോധന സാക്ഷ്യപത്രം

എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.5/2015-16 തീയതി 20.09.2021) നൽകിയിരുന്നുവെങ്കിലും മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2. **ഹാൻവീവ്**

1968 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ നിന്നും മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചുവടെ പറയുന്നവ കോഴിക്കോട് റീജിയണിലെ വിവിധ പേവാർഡുകൾക്കായി നേരിട്ട് വാങ്ങിയിരുന്നു. ഇവയുടെ വിതരണ വിവരം, കൈപ്പറ്റ് വിവരം എന്നിവ സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം. | ഉത്തരവ് നം. തീയതി | വാങ്ങിയ സാധനങ്ങൾ | എണ്ണം | ഒന്നിന്റെ വില | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | 1369/ 15-16 | 730545 | A9/1535/15 തീയതി രേഖപ്പെടുത്തിയിട്ടില്ല | ബെഡ് ഷീറ്റുകൾ | 300 | 525 | 1,57,500 |
| | | | | തലയിണ ഉറകൾ | 300 | 150 | 45,000 |
| 2 | 1373/ 15-16 | 730549 | A9/3558/10 തീയതി 30.10.2015 | ബെഡ് ഷീറ്റുകൾ | 50 | 370 | 18,500 |
| | | | | തലയിണ ഉറകൾ | 50 | 150 | 7,500 |
| | | | | | | **ആകെ തുക** | **2,28,500** |

മേൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടി സാധനങ്ങൾ നേരിട്ട് വാങ്ങിയിരിക്കുന്നത്. അതുകൂടാതെ, ടെണ്ടർ ക്ഷണിച്ച് നെഗോസിയേഷൻ നടത്താത്തതിനാൽ ലോക്കൽ മാർക്കറ്റുകളിൽ ബെഡ്ഷീറ്റുകളോടൊപ്പം സൗജന്യമായി ലഭിക്കുന്ന തലയിണ ഉറകൾക്കും കൂടി സൊസൈറ്റി ഫണ്ടിൽ നിന്നും തുക നൽകേണ്ടിയും വന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.28/2015-16 തീയതി 29.11.2021) ക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ മേൽപ്രകാരം ചെലവഴിച്ച ആകെ തുക 4,77,133/- (സിഡ്കോ - 2,48,633/- + ഹാൻവീവ് - 2,28,500/-) തടസ്സപ്പെടുത്തുന്നു.

## 3.12 ജീവനക്കാരുടെ എൽ.ഐ.സി പ്രീമിയം ഒടുക്കിയത് - രസീത് ഹാജരാക്കിയില്ല - 3,28,458/- രൂപ തടസ്സം.

2015-16 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും

റിക്കവറി ചെയ്ത് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനിൽ പ്രീമിയം ഒടുക്കിയതിന്റെ രസീതുകൾ ചെലവ് വൗച്ചറുകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച A4/1525/15/KHRWS നമ്പർ ഓഫീസ് ഫയൽ പരിശോധിച്ചപ്പോൾ ഏതാനും മാസങ്ങളിലെ പ്രീമിയം രസീതുകൾ ഇല്ലായെന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | വൗച്ചർ നം. | ചെക്ക് നമ്പർ തീയതി | തുക |
|---|---|---|---|---|
| 1 | 06/2015 | 761/15-16 | 431517/22.07.15 | 56,365 |
| 2 | 07/2015 | 873/15-16 | 431589/12.08.15 | 56,378 |
| 3 | 08/2015 | 1098/15-16 | 730339/18.09.15 | 55,543 |
| 4 | 09/2015 | 1286/15-16 | 730484/15.10.15 | 54,524 |
| 5 | 11/2015 | 1661/15-16 | 754854/15.12.15 | 54,854 |
| 6 | 02/2016 | 2344/15-16 | 750947/30.03.16 | 50,794 |
| | | | **ആകെ** | **3,28,458** |

തുക ഒടുക്കിയതിന്റെ രസീതുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് 18.11.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണം 19 ന് മറുപടി ലഭ്യമാക്കുകയോ പ്രീമിയം രസീതുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ എൽ.ഐ.സി-ക്ക് തുക ഒടുക്കിയത് ഉറപ്പാക്കാനായില്ല. ആയതിനാൽ ഈയിനത്തിലെ 3,28,458/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.13 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 13,45,530/- രൂപ തടസ്സപ്പെടുത്തുന്നു.

2015-16 ലെ വിവിധ ചെലവുകൾക്ക് ആധാരമായ രേഖകൾ ശരിയായി പരിപാലിച്ചിട്ടില്ലായെന്ന് ഓഡിറ്റിൽ കണ്ടെത്തി. ചെലവ് വൗച്ചറുകൾക്കൊപ്പം സബ് വൗച്ചറുകൾ, കൈപ്പറ്റ് രസീതുകൾ, മറ്റനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കാത്തതിനാൽ പ്രസ്തുത ചെലവുകൾ അംഗീകരിക്കത്തക്കതാണോയെന്ന് പരിശോധിച്ചുറപ്പാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | ചെക്ക് നമ്പർ തീയതി | തുക | ചെലവിനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 622/15-16 | 278228 24.06.15 | 2,78,662 | കണ്ണൂർ ജില്ലാ ആശുപത്രി പേവാർഡിൽ ഫർണിച്ചർ വിതരണം ചെയ്തതിന് M/s സിഡ്കോയ്ക്ക് നൽകിയ തുക | സ്റ്റോക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 2 | 670/15-16 | 431438 | 35,000 | ഹരിപ്പാട് | മുൻകൂർ ക്രമീകരിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | 10.07.15 | | എ.ആർ.സി.എൽ ന്റെ ഉദ്ഘാടന ചെലവുകൾക്ക് കോട്ടയം റീജിയണൽ മാനേജർക്ക് അനുവദിച്ച മുൻകൂറുകൾ | |
| 3 | 886/15-16 | 886090 17.08.15 | 18,686 | തൃശ്ശൂർ എം.സി.എച്ച് ൽ എ.സി സ്ഥാപിച്ചത് - M/s Active Air Conditioning ന് നൽകിയത് | ക്വട്ടേഷൻ വിവരങ്ങൾ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയില്ല |
| 4 | 892/15-16 | 886093 17.08.15 | 4,460 | എ.സി സ്ഥാപിക്കുന്നതിന് നൽകിയ തുക | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 5 | 906/15-16 | 431602 19.08.15 | 1,22,000 | കണ്ണൂർ മേഖലയിലെ പേ വാർഡുകളിൽ ബെഡ് ഷീറ്റ്, പില്ലാ കവർ എന്നിവ വിതരണം ചെയ്തതിന് നൽതിയ തുക | രസീത് ഹാജരാക്കിയില്ല |
| 6 | 923/15-16 | 431619 19.08.15 | 1,26,650 | 01.06.15 മുതൽ 30.06.15 വരെയുള്ള ആർ.ജി.സി.ബി പരിശോധനയ്ക്ക് നൽകിയ തുക | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 7 | 931/15-16 | 431624 21.08.15 | 7,000 | KL-01-Z-3334 വാഹനത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിന് തിരുവനന്തപുരം ആർ.എം ന് നൽകിയത് | രസീതും പ്രീമിയം സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല |
| 8 | 940/15-16 | 431630 22.08.15 | 47,213 | കോട്ടയം എ.ആർ.സി.എൽ ൽ സാധനങ്ങൾ വിതരണം ചെയ്തതിന് M/s സിഡ്കോയ്ക്ക് നൽകിയ തുക | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 9 | 945/15-16 | 431632 24.08.15 | 1,12,875 | M/s പ്രിന്റ് & സൈൻസിന് അനുവദിച്ച തുക | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| 10 | 1244/15-16 | 730460 12.10.15 | 5,679 | ശ്രീമതി.റംലയുടെ 07/15 ലെ ശമ്പള കുടിശ്ശിക | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| 11 | 1437/15-16 | 730604<br>11.11.15 | 3,24,000 | Con. No.KPR/5245/N, KPR/4024/N എന്നിവയുടെ വെള്ളക്കരം ഒടുക്ക് | രസീത് ഹാജരാക്കിയിട്ടില്ല |
| 12 | 1439/15-16 | 730606<br>11.11.15 | 45,380 | Con. No.KDN/4798/N ന്റെ വെള്ളക്കരം ഒടുക്ക് | രസീത് ഹാജരാക്കിയിട്ടില്ല |
| 13 | 1451/15-16 | 730614<br>16.11.15 | 95,372 | ശ്രീമതി.പി.ഷാനി, ജൂനിയർ അസിസ്റ്റന്റ് 01/15 മുതൽ 03/15 വരെയും, 06/15 മുതൽ 09/15 വരെയുമുള്ള ശമ്പള റിക്കവറി ഒടുക്ക് | ഒടുക്ക് രേഖകൾ ഹാജരാക്കിയിട്ടില്ല |
| 14 | 1713/15-16 | 754898<br>18.12.15 | 23,781 | ശ്രീ.ശ്രീകുമാരൻ നായർ.ബി ലിഫ്റ്റ് അറ്റന്ററുടെ 07.10.15 മുതൽ 26.11.15 വരെയുള്ള ലീവ് സാലറി | കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല |
| 15 | 1726/15-16 | 754907<br>21.12.15 | 34,500 | ജി.പി.എ.ഐ.എസ് പ്രീമിയം തുക | ചെല്ലാൻ / രസീത് ഹാജരാക്കിയിട്ടില്ല |
| 16 | 1946/15-16 | 755064<br>28.10.16 | 21,640 | മംഗളം ദിനപത്രത്തിൽ പരസ്യം നൽകിയതിന് M/s മംഗളം പബ്ളിക്കേഷൻസിന് അനുവദിച്ച തുക | ഇൻവോയിസ്, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല |
| 17 | 1324/15-16 | 730511<br>19.10.15 | 2,453 | ശ്രീമതി.സ്മിത.വി ക്യാഷ്യറിന് പിതാവിന്റെ ചികിത്സയ്ക്കായി നൽകിയ മെഡിക്കൽ റീഇംബേഴ്സ്മെന്റ് | അപേക്ഷ, ഡിക്ലറേഷൻ, ഒ.പി ടിക്കറ്റിന്റെ പകർപ്പ്, പെൻഷനർ അല്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 18 | 1368/15-16 | 730544<br>30.10.15 | 40,179 | കമ്പ്യൂട്ടർ വാങ്ങിയത് M/s Ideal Systems, Thiruvananthapuram ന് അനുവദിച്ച തുക | സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (14/16.11.21) നൽകിയിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല |
| | | ആകെ | **13,45,530** | | |

മേൽ കാരണങ്ങളാൽ 13,45,530/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3.14 ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചത് - രേഖകൾ ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു - 1,69,32,744/- രൂപ.

ഒൻപതാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് ജീവനക്കാർക്ക് 01.07.2009 മുതൽ 30.06.2015 വരെയുള്ള കുടിശ്ശിക തുകകൾ വിതരണം ചെയ്യതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വൗച്ചർ നം | ചെക്ക് നം. തീയതി | ഗഡുക്കളുടെ എണ്ണം | ആകെ തുക | ഹാജരാക്കാനുള്ള രേഖകൾ |
|---|---|---|---|---|---|
| 1 | 1320/15-16 | 730507 | I | 75,69,645 | Due drawn statement, അനുവദിച്ച ഉത്തരവ് |
| 2 | 1762/15-16 | 754925 29.12.15 | II | 93,63,099 | Due drawn statement, അനുവദിച്ച ഉത്തരവ്, തുക പാസ്സാക്കിയ വൗച്ചർ |
| | | | ആകെ | **1,69,32,744** | |

മേൽ പ്രതിപാദിച്ചിട്ടുള്ള രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,69,32,744/- രൂപ തടസ്സപ്പെടുത്തുന്നു.

## 3.15 ജീവനക്കാർക്ക് കുടിശ്ശിക തുകകൾ അനുവദിച്ചത് കൈപ്പറ്റ് വിവരം ലഭ്യമല്ല - 18,57,413/- രൂപ തടസ്സപ്പെടുത്തുന്നു.

ജീവനക്കാർക്ക് ചുവടെ പറയുന്ന തരത്തിലുള്ള വിവിധ കുടിശ്ശിക തുകകൾ അനുവദിച്ചതിന്റെ കൈപ്പറ്റ് സംബന്ധിച്ച വിവരം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം. / തീയതി | കുടിശ്ശിക ഇനം | കാലവളവ് | തുക |
|---|---|---|---|---|---|
| 1 | 1255/15-16 | 730462 13.10.15 | ക്ഷാമബത്ത | 01.01.15 മുതൽ 31.07.15 വരെ | 56,255 |
| 2 | 1321/15-16 | 730508 19.10.15 | ക്ഷാമബത്ത | 01.01.15 മുതൽ 31.07.15 വരെ | 1,51,838 |
| 3 | 1355/15-16 | 730535 20.10.15 | ശമ്പളം | 01.01.15 മുതൽ 02.09.15 വരെ | 16,49,320 |
| | | | | ആകെ | **18,57,413** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.29/2015-16 തീയതി 29.11.2021) യ്ക്ക് മറുപടി നൽകുകയോ, കൈപ്പറ്റ് സംബന്ധിച്ച വിവരം പരിശോധനയ്ക്കായി സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ ഇനത്തിൽ ചെലവഴിച്ച തുക 18,57,413/- തടസ്സപ്പെടുത്തുന്നു.

## 3.16 യോഗ്യത ഇല്ലാത്ത വ്യക്തിയെ ഇലക്ട്രീഷൻ തസ്തികയിൽ നിയമിച്ചു.

ജി.ഒ (എം.എസ്) നം.98/2000/H&FWD dated 22.04.2000 പ്രകാരം പുറപ്പെടുവിച്ച സൊസൈറ്റി ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഇലക്ട്രീഷൻ തസ്തികയിലെ നിയമനത്തിന് വേണ്ട യോഗ്യതകൾ എസ്.എസ്.എൽ.സി വിജയവും ഇലക്ട്രിക്കൽ ട്രേഡിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റുമാണ്. എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈ വിദ്യാഭ്യാസ യോഗ്യതകൾ ഇല്ലാത്ത ശ്രീ.ജയപാലൻ.കെ എന്ന വ്യക്തിയെ ഗവേണിംഗ് ബോഡി തീരുമാന (ഒ.എ. നം.5(iii) തീയതി 11.05.2001) ത്തിലൂടെ ഇലക്ട്രീഷൻ തസ്തികയിൽ ഉത്തരവ് നം.സി.ബി-2000/കെ.എച്ച്.ആർ.ഡബ്ല്യു.എസ് തീയതി 11.05.2001 പ്രകാരം 10.04.2001 മുതൽ മുൻകാല പ്രാബല്യം നൽകി 2750-70-3880-75-4625 രൂപ ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു.

അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ശമ്പള വിവരം ചുവടെ ചേർക്കുന്നു.

| Sl. No | Period | Pay | Scale of Pay | Details |
|---|---|---|---|---|
| 1 | 01.04.01 | 2,750 | 2,750-4,625 | |
| 2 | 01.04.02 | 2,820 | | |
| 3 | 01.04.03 | 2,890 | | |
| 4 | 01.04.04 | 2,960 | | |
| 5 | 01.04.05 | 5,380 | 4,750-7,820 | ശമ്പള പരിഷ്കരണം 2004 |
| 6 | 01.04.06 | 5,510 | | പേ റിവിഷൻ സ്റ്റേറ്റ്മെന്റിൽ 5,510/- രൂപ എന്നും, സർവ്വീസ് ബുക്കിൽ പേജ്-22 ൽ 5,610/- എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 7 | 01.04.07 | 5,750 | | 5,510/- ന്റെ അടുത്ത സ്റ്റേജ് 5,650/- രൂപ ആയിരുന്നു. 100/- രൂപ നിരക്കിൽ കൂടുതൽ നൽകിയതായി സർവ്വീസ് ബുക്കിൽ പേജ്-22 ൽ രേഖപ്പെടുത്തിയിരിക്കുന്നു |
| 8 | 01.04.08 | 5,790 | | |
| 9 | 01.04.09 | 6,230 | 5,250-8,390 | I TBHG |
| 10 | 01.04.10 | 11,920 | 9,190-15,780 | പേ റിവിഷൻ 2009 |
| 11 | 01.04.11 | 12,220 | | |
| 12 | 01.04.12 | 12,550 | | |
| 13 | 01.04.13 | 12,880 | | |
| 14 | 01.04.14 | 13,210 | | |

| | | | | |
|---|---|---|---|---|
| 15 | 01.04.15 | 13,540 | | |
| 16 | 01.04.16 | 14,620 | 9,940-16,580 | II TBHG |
| 17 | 01.04.17 | 14,980 | | |
| 18 | 01.04.18 | 15,380 | | |
| 19 | 31.03.19 | | | വിരമിച്ചു. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/2015-16 തീയതി 25.10.2021) യ്ക്ക് മറുപടിയായി ടി ജീവനക്കാരന്റെ നിയമനം സാധൂകരണത്തിനായി നം.എ 8/4432/2020/ കെ.എച്ച്.ആർ.ഡബ്ല്യു.എസ് തീയതി: 27.08.2021 പ്രകാരം സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിശ്ചിത യോഗ്യത ഇല്ലാത്ത വ്യക്തിയെ ഇലക്ട്രീഷൻ തസ്തികയിൽ നിയമിച്ചത് മാനേജിംഗ് ഡയറക്ടർ ഉൾപ്പെടുന്ന ഗവേണിംഗ് ബോഡിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും, അല്ലാത്ത പക്ഷം അനുവദിച്ച ശമ്പളവും അലവൻസുകളും (ആർജിതാവധി സറണ്ടർ ഉൾപ്പെടെ) ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി സൊസൈറ്റി ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

### 3.17 റീയേജന്റുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിൽ സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ജി.ഒ (എം.എസ്) നം.3/2013/എസ്.പി.ഡി തീയതി 21.06.13 പ്രകാരമുള്ള കേരള സ്റ്റോർ പർച്ചേസ് മാനുവൽ - 2013 ഖണ്ഡിക 7.6 പ്രകാരം എസ്റ്റിമേറ്റ് തുക 15,000/- രൂപ മുതൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കണമെന്നും 7.7 അനുസരിച്ച് 1,00,001/- മുതലുള്ള തുകയ്ക്കുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കണമെന്നും, അതിൽ 5,00,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ജി.ഒ (എം.എസ്) 13/2015/ഐ.റ്റി.ഡി തീയതി 12.05.2015 പ്രകാരം E-Procurement രീതി ബാധകമാക്കിയിട്ടുണ്ടെന്നും (ഖണ്ഡിക 1.9 മുതൽ 1.15 വരെ) അവയിൽ ഖണ്ഡിക 7.22 ൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കണമെന്നും, 7.34 പ്രകാരമുള്ള വിവരങ്ങൾ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തണമെന്നും, ഖണ്ഡിക 8.1 മുതൽ 8.5 വരെയായി, കേരള ഫിനാൻഷ്യൽ കോഡ് വാല്യം - 1 ആർട്ടിക്കിൾ 132 (ബി) പ്രകാരം, ടെണ്ടറുകളോടൊപ്പം എസ്റ്റിമേറ്റ് തുകയുടെ 1% ഇ.എം.ഡി ബാധകമാക്കിയിട്ടുണ്ടെന്നും, 7.24 മുതൽ 7.32 വരെയുള്ള ഖണ്ഡികകളിൽ രേഖപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്ക നുസൃതമായി ടെണ്ടർ ഫോർമുകൾക്ക് വില

ഈടാക്കണമെന്നും, 8.17 മുതൽ 8.20 വരെയുള്ള നിബന്ധനകളനുസരിച്ച് വിജയിയായ ടെണ്ടററിൽ നിന്നും പെർഫോർമൻസ് സെക്യൂരിറ്റി ഇനത്തിൽ തുക (ടെണ്ടർ തുകയുടെ 5%) ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള എ.സി.ആർ ലാബുകൾക്ക് റീയേജന്റുകളും മറ്റ് സാധനങ്ങളും വാങ്ങുന്നതിൽ ഈ വ്യവസ്ഥകൾ പാലിക്കാതെ അതാത് കമ്പനികളുമായി നേരിട്ട് കരാറിലേർപ്പെട്ട്, സൗജന്യമായി അവർ സ്ഥാപിച്ചിട്ടുള്ള മെഷീനുകളിലെ ഉപയോഗത്തിനുള്ള റീയേജന്റുകളും മറ്റ് സാധനങ്ങളും അവർ തന്നെ നിശ്ചയിക്കുന്ന നിരക്കിൽ ഭീമമായ വിലയ്ക്ക് വാങ്ങി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. (സർക്കാരോ, സർക്കാർ ഏജൻസികളോ ഈ നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുമില്ല). ടെണ്ടറുകൾ ക്ഷണിക്കാത്തതിനാൽ ടെണ്ടർ ഫോമിന്റെ വില ഇനത്തിൽ ലഭിക്കേണ്ട തുകയും സൊസൈറ്റിക്ക് ലഭിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം. തീയതി | തുക | ഉത്തരവ് നം. തീയതി | വാങ്ങിയ ഉത്പന്നങ്ങളും വിതരണം ചെയ്യപ്പെട്ട സ്ഥാപനങ്ങളും |
|---|---|---|---|---|---|
| 1 | 1229 | 841097 07.10.15 | 14,29,819 | A3/2832/15/KHRWS 05.10.15 | Reagents & Consumables for ACRL, MCH, Trivandrum |
| 2 | 1247 | 841099 12.10.15 | 20,37,000 | A3/2182/11/KHRWS 05.10.15 | Reagents & Consumables for ACRL, Harippad & MCH, Trivandrum |
| 3 | 1298 | 928124 15.10.15 | 23,61,877 | A3/72/11/KHRWS 14.10.15 | Reagents & Consumables for ACRL, MCH, Trivandrum |
| 4 | 1403 | 928136 04.11.15 | 3,37,200 | A3/2975/15/KHRWS 29.10.15 | Reagents & Consumables for Cath Lab, Trivandrum |
| 5 | 1453 | 928139 18.11.15 | 21,99,877 | A3/2189/11/KHRWS 09.11.15 | Reagents & Consumables for ACRL, MCH, Trivandrum |
| 6 | 1455 | 928141 18.11.15 | 20,92,692 | A3/72/11/KHRWS 17.11.15 | Reagents & Consumables for ACRL, MCH, Trivandrum |
| 7 | 1454 | 928140 18.11.15 | 14,06,497 | A3/2832/13/KHRWS 07.12.15 | Reagents & Consumables for ACRL, MCH, Kottayam |
| 8 | 1629 | 928163 08.12.15 | 13,71,036 | A3/2832/15/KHRWS 07.12.15 | Reagents & Consumables for ACRL, MCH, Trivandrum |
| 9 | 1656 | 928170 14.12.15 | 31,28,314 | A3/2182/11/KHRWS 08.12.15 | Reagents & Consumables for ACRL, MCH, Trivandrum |
| 10 | 1657 | 530631 | 24,60,949 | A3/72/11/KHRWS 09.12.15 | Reagents & Consumables for ACRL, MCH, Trivandrum |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.22/2015-16 തീയതി 22.11.2021) യ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

ജി.ഒ (പി) നം.1/2019/എസ്.പി.ഡി തീയതി 02.01.2019 പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.51 ഭേദഗതി ചെയ്ത്, ആരോഗ്യ മേഖലയ്ക്കായി റീയേജന്റ് റെന്റൽ കോൺട്രാക്ട് (RRC) എന്ന പുതിയ വാങ്ങൽ രീതി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം രോഗ നിർണ്ണയത്തിനും, ലബോറട്ടറി പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരുടെ ഉടമസ്ഥതയിൽ നിലനിർത്തുകയും ആവശ്യമായ റീയേജന്റുകളുടെ വിതരണം, ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാർ നടത്തേണ്ടതാണ് എന്ന നിബന്ധനകൾ ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിക്കുന്ന രീതിയാണ് ആർ.ആർ.സി. ഇതുപ്രകാരം, ഓരോ പരിശോധനയ്ക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും, നടത്തുന്ന പരിശോധനയ്ക്ക് മാത്രം നിരക്ക് നൽകേണ്ടതും സാങ്കേതിക യോഗ്യതയുള്ളവരുടെ ടെണ്ടർ മാത്രം പരിഗണിക്കേണ്ടതാണെന്നും, സാങ്കേതിക വിദ്യ മാറുമ്പോൾ ഉപകരണം മാറ്റിസ്ഥാപിക്കേണ്ടതും, നല്കേണ്ട നിരക്കിൽ മാറ്റമില്ലാതെ കൃത്യമായ ഫലം ഉറപ്പാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 2013-14 മുതൽ 2014-15 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 ലും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സൊസൈറ്റിയുടെയും, അനുബന്ധ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ എല്ലാവിധ സാധനങ്ങളും വാങ്ങുന്നതിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ മേൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 3.18 മരാമത്ത് പ്രവർത്തികൾ - അപാകതകൾ

### 1. റീ ടെണ്ടർ ക്ഷണിച്ചില്ല

പദ്ധതി - പേവാർഡ് മെയിന്റനൻസ് മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-414/2014)

11.03.2014 ന് ടെണ്ടർ വിളിച്ച പദ്ധതിയിൽ ശ്രീ.പി.അജിത്കുമാർ എന്ന കരാറുകാരന്റെ 18% അധികരിച്ചുള്ള ടെണ്ടർ മാത്രമാണ് ലഭിച്ചത്. എസ്റ്റിമേറ്റിനേക്കാൾ അധികരിച്ചുള്ള ഒറ്റ ടെണ്ടർ മാത്രം ലഭിക്കുമ്പോൾ നിയമാനുസൃതമായി കരാർ റദ്ദ് ചെയ്ത് റീ ടെണ്ടർ വിളിക്കേണ്ടിയിരുന്നു. എന്നാൽ ടിയാളെ നെഗോസിയേഷൻ നടത്തി 15% അധികരിച്ചുള്ള ടെണ്ടർ അംഗീകരിക്കുകയുണ്ടായി.

എസ്റ്റിമേറ്റ് പി.എ.സി - 10,05,086/- രൂപയും എഗ്രീഡ് പി.എ.സി 11,55,849/- രൂപയുമായി പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 10,60,623/- ൽ

1,59,093.48/- രൂപ ടെണ്ടർ അധികം നൽകി. കരാറുകാരന് നികുതികൾ കുറവ് ചെയ്ത് 11,45,531/- രൂപ നൽകി (ചെക്ക് നം.886054/09.06.2015).

**2. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല**

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (2012 ൽ പുതുക്കിയത്) ജി.ഒ (പി) 13/2012/PWD തീയതി 01.02.2012 പാർട്ട് II സെക്ഷൻ 1601.1.6 അനുസരിച്ച് ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം ഒഴിവാക്കലും, കൂട്ടിച്ചേർക്കലും, മാറ്റം വരുത്തലും ആവശ്യമായി വരുമ്പോഴും ഒറിജിനൽ എസ്റ്റിമേറ്റിൽ 5% അധികരിച്ചാലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം. കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ മരാമത്ത് പ്രവൃത്തികളിൽ മിക്കവയും എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നവയും, 5%ൽ അധികരിക്കുന്നതുമാണ്. എന്നാൽ ഒന്നിലും തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. സൈറ്റ് പരിശോധിച്ച് ആവശ്യകത അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാത്തതുമൂലമാണ് മിക്ക എസ്റ്റിമേറ്റുകളിലും മാറ്റം വരുത്തേണ്ടി വരുന്നത്. ഇക്കാര്യത്തിൽ എഞ്ചിനിയറിംഗ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തി | എസ്റ്റിമേറ്റ് തുക (അംഗീകരിച്ചത്) | ആകെ പ്രവർത്തി മൂല്യം (ടെണ്ടർ വ്യതിയാനം) | വ്യതിയാനം (അധികം) |
|---|---|---|---|---|
| 1 | മെയിന്റനൻസ് - പേവാർഡ് മെഡിക്കൽ കോളേജ്, കോഴിക്കോട് (DB2-414/14) | 10,05,086 (11,55,849/-) | 10,60,623 (12,19,717/-) | 5.53% |
| 2 | പേവാർഡ് (ജനത) കോളേജ്, കോഴിക്കോട് (DB2-701/14) | 3,08,09,891 (34,17,472/-) | 41,63,218.90 (37,34,407/-) | 9.27% |
| 3 | പേവർഡ് (ജനത) W&C ഹോസ്പിറ്റൽ, ആലപ്പുഴ (DB2-318/15) | 9,23,036 | 10,46,311 | 13.36% |
| 4 | പേവാർഡ് - ജനറൽ ഹോസ്പിറ്റൽ, കായംകുളം (DB2-2490/15) | 7,44,609 | 8,07,344 | 8.43% |

**3. VAT – കോംപൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല**

2003 ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം സെക്ഷൻ 8 പ്രകാരം കരാറുകാർക്ക് മൊത്തം കരാർ തുക അല്ലെങ്കിൽ ഓരോ പ്രവൃത്തി വേർതിരിച്ച് കോംപൗണ്ട് ചെയ്യാവുന്നതാണ്. അപ്രകാരം ചെയ്യുന്ന കോൺട്രാക്ടർമാർ KVAT രജിസ്ട്രേഷൻ ഉള്ളതും CST രജിസ്ട്രേഷൻ ഇല്ലാത്തവരും 3%ഉം CST രജിസ്ട്രേഷൻ കൂടി ഉള്ളവർ 4%വുമാണ് VAT അടവാക്കേണ്ടത്. ആയതിന് കൊമേഴ്സ്യൽ ടാക്സ് ഡിപാർട്ട്മെന്റിന്റെ കോംപൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഫോം 4 ഡി ഹാജരാക്കേണ്ടതുണ്ട്. കോംപൗണ്ടിംഗ് ചെയ്യാത്തവർ 12.5% VAT ഒടുക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന്റെ 2015-16 ലെ പ്രവർത്തികളൊന്നിലും തന്നെ കോംപൗണ്ട് ചെയ്തതായുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. എല്ലാ വർക്കുകളുടെയും കരാറുകാരിൽ നിന്നും 4% നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ആയത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിനായി 18.11.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.20 ന് മറുപടി നൽകിയിട്ടില്ല. ടി കാലയളവിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും കോംപൗണ്ടിംഗ് സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 12.5% നികുതി കണക്കാക്കി കുറവായി അടച്ച തുക ഈടാക്കി അടവാക്കേണ്ടതാണ്.

Intentionally Left Blank

## ഭാഗം - 4

### 4.1 സാമ്പത്തിക നില

**(2015-16 വർഷത്തെ രസീത് & പേയ്മെന്റ് അക്കൗണ്ട്സ് പ്രകാരം).**

| | |
|---|---|
| മുന്നിരിപ്പ് | 15,20,53,230.61 |
| വരവ് | 46,52,64,459.31 |
| ആകെ | 61,73,17,689.92 |
| ചെലവ് | 50,23,14,428.08 |
| നീക്കിയിരിപ്പ് | **11,50,03,261.84** |

### 4.2 ഓഡിറ്റ് ചാർജ്

| | |
|---|---|
| ഓപ്പറേറ്റിംഗ് ഇൻകം | 39,53,86,435.00 |
| അദർ ഇൻകം | 90,03,150.00 |
| ആകെ വരവുകൾ | 40,43,89,585.00 |
| ഓഡിറ്റ് ചാർജ് @ 1% | 40,43,896 |

മുൻ വർഷങ്ങളിൽ അടവാക്കാനുള്ള ഓഡിറ്റ് ചാർജുകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2005-06 | 7,67,745 |
| 2010-11 | 8,85,953 |
| 2011-12 | 22,73,845 |
| 2012-13 | 26,80,842 |
| 2013-14 | 31,45,073 |
| 2014-15 | 34,21,605 |
| **ആകെ** | **1,31,75,063** |

| | |
|---|---|
| ഓഡിറ്റ് ചാർജ് 2015-16 | 40,43,896 |
| 31.03.2015 വരെയുള്ള ആകെ ഓഡിറ്റ് ചാർജ് തുക | **1,72,18,959** |

മേൽ തുക **'0070-മറ്റ് ഭരണച്ചെലവുകൾ-60-മറ്റ് വരവുകൾ-110-ഗവൺമെന്റ് ഓഡിറ്റിനായുള്ള ഫീസ്-99-ഓഡിറ്റ് ചാർജ്'** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസൽ ചെല്ലാൻ ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

## 4.3 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 1,12,970 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 24,22,400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,24,08,514 |
| ഓഡിറ്റിൽ നിരാകരിച്ച തുക | 24,22,400 |

- **നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

### 4.3.1 വരവിനങ്ങളിലെ നഷ്ടം

| ഖണ്ഡിക | തുക | പേര്, ഔദ്യോഗിക പദവി |
|---|---|---|
| 2.1(2) | 5,900 | ശ്രീ.ബിമൽകുമാർ.എൻ, ലേ സെക്രട്ടറി & ട്രഷറർ (4,800/- രൂപ) |
| | | ശ്രീ.ജി.ഷാജികുമാർ, ലേ സെക്രട്ടറി & ട്രഷറർ (900/- രൂപ) |
| | | ഡോ.അജയമോഹൻ.ജി, സൂപ്രണ്ട് (200/- രൂപ) |
| 2.1(3) | 25,300 | ഡോ.അജയമോഹൻ.ജി, സൂപ്രണ്ട് (1,600/- രൂപ) |
| | | ശ്രീ.മുരളിഷെട്ടി, ലേ സെക്രട്ടറി & ട്രഷറർ (23,700/- രൂപ) |
| 2.2(1) | 17,350 | ശ്രീ.മനോജ്കുമാർ.പി.എം, ലേ സെക്രട്ടറി & ട്രഷറർ |
| 2.2(2) | 7,775 | ശ്രീ.കെ.എസ്.രാജീവ്, ലേ സെക്രട്ടറി & ട്രഷറർ (3,325/- രൂപ) |
| | | ശ്രീ.സി.എ.സുനിൽ കുമാർ, ജൂനിയർ സൂപ്രണ്ട് (100/- രൂപ) |
| | | ശ്രീ.മനോജ്കുമാർ.പി.എം, ലേ സെക്രട്ടറി & ട്രഷറർ (4,350/- രൂപ) |
| 2.2(3) | 6,745 | ശ്രീ.കെ.എസ്.രാജീവ്, ലേ സെക്രട്ടറി & ട്രഷറർ (270/- രൂപ) |
| | | ശ്രീ.എസ്.സിദ്ധിഖ്, ലേ സെക്രട്ടറി & ട്രഷറർ (4,250/- രൂപ) |
| | | ശ്രീ.സുനിൽ കുമാർ, ജൂനിയർ സൂപ്രണ്ട് (1,625/- രൂപ) |
| | | ശ്രീ.മനോജ്കുമാർ.പി.എം, ലേ സെക്രട്ടറി & ട്രഷറർ (600/- രൂപ) |
| 2.2(4) | 49,900 | ശ്രീ.സുനിൽ കുമാർ, ജൂനിയർ സൂപ്രണ്ട് |
| **ആകെ** | **1,12,970** | |

### 4.3.2 ചെലവിനങ്ങളിലെ നഷ്ടം

| ഖണ്ഡിക | തുക | പേര്, ഔദ്യോഗിക പദവി |
|---|---|---|
| 3.1 | 29,596 | ശ്രീ.കെ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| 3.2 | 2,45,126 | ശ്രീ.കെ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| 3.3 | 1,84,584 | ശ്രീ.കെ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| 3.4 | 60,480 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | |
|---|---|---|
| 3.5 | 1,38,877 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.6 | 6,48,854 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.7 | 10,16,566 | ശ്രീ.കെ.ഹരീന്ദ്രകുമാർ, മാനേജിംഗ് ഡയറക്ടർ |
| 3.8 | 29,775 | ശ്രീ.കെ.ജി.വേണുഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3.9 | 68,542 | |
| **ആകെ** | **24,22,400** | |

## 4.3.3 ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരങ്ങൾ

| ഖണ്ഡിക | തുക |
|---|---|
| 3.10 | 14,67,236 |
| 3.11 | 4,77,133 |
| 3.12 | 3,28,458 |
| 3.13 | 13,45,530 |
| 3.14 | 1,69,32,744 |
| 3.15 | 18,57,413 |
| **ആകെ** | **2,24,08,514** |

നഷ്ടോത്തരവാദികളായ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽവിലാസം രണ്ട് മാസത്തിനകം ലഭ്യമാക്കേണ്ടതാണ്.

- **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം**

| ക്രമ നം. | വർഷം | നമ്പർ / തീയതി |
|---|---|---|
| 1 | 2005-06 | എൽ.എഫ്.എസ്.എ.റ്റി-എസ്.2/37/2012 തീയതി 08.02.12/16.04.12 |
| 2 | 2010-11 | എൽ.എഫ്.എസ്.എ.റ്റി-എസ്.2/99/2014 തീയതി 07.01.15/12.06.15 |
| 3 | 2011-12 | കെ.എസ്.എ.കെ.എച്ച്.ആർ-21/എസ്2/2017 തീയതി 03.02.17 |
| 4 | 2012-13 | കെ.എസ്.എ.കെ.എച്ച്.ആർ-102/എസ്2/2017 തീയതി 17.07.17 |
| 5 | 2013-14 & 2014-15 | കെ.എസ്.എ.കെ.എച്ച്.ആർ-122/എസ്2/2020 തീയതി 15.03.21/12.08.21 |

മേൽ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**